N E R V E E D H I

Volume - 14, Issue - 12, 10th December 2025, Monthly, Price Rs. 25, Published at Kottayam

വാല്യം – 14, ലക്കം – 12, ഡിസംബർ 2025 – പ്രതിമാസം – വില Rs.25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## കഠിന ശോധനയുടെ തീച്ചൂളയിൽ...

പേജ് 22

# ബാഹ്യാഘോഷമല്ല ആത്മിക അനുഭവം

**പാ**പികളെ രക്ഷിപ്പാൻ മനുഷ്യജന്മമെടുത്ത യേശുക്രിസ്തുവിന്റെ ജനനദിവസം കൃത്യമായി എപ്പോൾ എന്ന് വചനം വെളിപ്പെടുത്തുന്നില്ല. എങ്കിലും, ഉദ്ദേശ്യം സ്പഷ്ടമാക്കുന്നുണ്ട്. സകല മാനവ കുലത്തിന്റെയും രക്ഷയ്ക്ക് വേണ്ടി ക്രിസ്തു എന്ന രക്ഷകൻ ഭൂജാതനായി എന്ന സുവാർത്ത, സ്വർഗ്ഗീയദൂതൻ മേച്ചിൽപ്പുറത്തു താമസിച്ചിരുന്ന ആട്ടിടയന്മാർക്ക് പ്രത്യക്ഷനായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ മഹത്തായ ദൈവികപദ്ധതിയുടെ ലക്ഷ്യം, സകല ജാതികളിൽ നിന്നും വംശങ്ങളിൽ നിന്നും ഗോത്രങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും ഉള്ള മുഴുമാനവസമൂഹവും, ദൈവം സൗജന്യമായി നൽകുന്ന ഇത്ര മഹത്തും വലിയതുമായ രക്ഷയെ സ്വമനസ്സാലെ സ്വീകരിച്ച്, ദൈവനീതിയും വിശുദ്ധീകരണവും പ്രാപിച്ച്, തേജസ്കരണത്തിലൂടെ നിത്യത അവകാശമാക്കണം എന്നതായിരുന്നു. വിലകൊടുക്കുവാൻ മനുഷ്യന് കഴിയുമായിരുന്നില്ല എന്ന കാരണത്താലാണ് രക്ഷ സൗജന്യമായി ദൈവം നൽകുന്നത്. നിർഭാഗ്യം എന്ന് പറയട്ടെ: ഇത്ര മഹത്വമുള്ള ദൈവികപദ്ധതിയെ തമസ്ക്കരിക്കുകയാണ് അറിയാതെയാണെങ്കിലും ആഘോഷങ്ങൾക്കു പ്രാമുഖ്യം നൽകിക്കൊണ്ട് മനുഷ്യർ ചെയ്തുവരുന്നത്.

മറ്റൊരു ക്രിസ്മസ്സ് കാലം കൂടി സമാഗതമാവുമ്പോൾ ആഘോഷങ്ങൾ വർദ്ധിച്ചുവരികയും ദൈവികലക്ഷ്യം ആകുന്ന രക്ഷാപാതയുടെ മഹത്വത്തെ മനുഷ്യൻ തിരിച്ചറിയാതെ, ആഘോഷത്തിമിർപ്പിൽ നാശപാതയിലൂടെ നിത്യശിക്ഷവിധിയിലേക്കു കൂപ്പുകുത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ പശ്ചാത്തലത്തിലാണ് ദൈവദൂതന്റെ സുവാർത്താപ്രഖ്യാപനം ഏറെ പ്രസക്തമാകുന്നത്.

രക്ഷ സൗജന്യമാണെങ്കിലും അത് സകല മനുഷ്യരുടെയും അവകാശമെന്ന് തിരിച്ചറിഞ്ഞ് ഓരോരുത്തരും 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു' എന്ന് മനസ്സിലാക്കി, അംഗീകരിച്ച്, വിശ്വസിച്ച്, പ്രാപിക്കേണ്ടതാണ്. അല്ലാതെ ക്രിസ്തു, ക്രൂശിൽ മരിച്ചു എന്ന ഏകകാരണത്താൽ ഏല്ലാവർക്കും പാപമോചനം ലഭിക്കുമെന്നോ, നിത്യജീവൻ അവകാശമാക്കാമെന്നോ കരുതരുത്. അതിന് ഓരോരുത്തരും യേശു എനിക്ക് വേണ്ടി ജനിച്ച്, എന്റെ പാപങ്ങളുടെ ശിക്ഷ എന്റെ പകരക്കാരനായി തന്റെ മേൽ ഏറ്റെടുത്തുവെന്നും, മരിച്ച്, അടക്കപ്പെട്ട്, സ്വർഗ്ഗാരോഹണം ചെയ്തുവെന്നും ഹൃദയപൂർവ്വം വിശ്വസിക്കുക്കയും ഏറ്റുപറയുകയും ചെയ്യേണ്ടതനിവാര്യമാണ്. ഈ സദ്വർത്തമാനമാണ് ഇത്തവണത്തെ സന്ദേശത്തിന്റെ കാതൽ.

ഡിസംബർ പിന്നിടുമ്പോൾ നേർവീഥി മാസികാശുശ്രൂഷ ആരംഭിച്ചിട്ട് 14 വർഷം പൂർത്തിയാക്കുകയാണ്. പ്രതിസന്ധികളും ഞെരുക്കങ്ങളും ഉണ്ടായിരുന്നുവെങ്കിലും, സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ കൃപയും കരുതലും, വായനക്കാരുടെ സഹകരണവും പ്രാർത്ഥനയും, പ്രതിഫലേച്ഛ കൂടാതെ ദൈവാത്മപ്രേരിതരായി ഈടുറ്റ ലേഖനങ്ങൾ എഴുതിയ പ്രിയപ്പെട്ടവരുടെ സഹായവും ഏറെ നന്ദിയോടെ ഞങ്ങൾ ഓർക്കുന്നു. 15-ാം വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ ചില മാറ്റങ്ങൾ വരുത്തുവാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. എങ്കിലും വായനാതല്പരരായ എല്ലാവർക്കും മാസിക ലഭ്യമാക്കുവാൻ സർവ്വശക്തൻ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം മാസിക സമർപ്പിക്കുന്നു.

പുസ്തകം 14 ലക്കം 12
ഡിസംബർ 2025


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos


# ഈ ലക്കത്തിൽ


**രക്ഷയും നമ്മുടെ പങ്കും ...** 4
ജോയ് എം. തോമസ്

**ആത്മീയശുശ്രൂഷയ്ക്കു ശുപാർശക്കത്തോ?** 7
സാജു മാത്യു

**പ്രത്യാശയെ ഉറപ്പിക്കുന്ന വാഗ്ദത്തങ്ങൾ** 9
ചെയ്സ് ജോസഫ്

**വിശുദ്ധിയിലേക്ക് നടത്തേണ്ട ഇടയന്മാർ ...** 12
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോക്ടർ സുജിത് സൈമൺ

**വനിതാ വീഥി** 19
സുജ വിനു

**കഠിന ശോധനയുടെ തീച്ചൂളയിൽ...** 22
ചാൾസ് സ്പർജൻ

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# രക്ഷയും നമ്മുടെ പങ്കും...

രക്ഷ എന്ന വാക്ക് നാം സാധാരണ ഉപയോഗിക്കുന്നത് ആപത്തനർത്ഥങ്ങളിൽ നിന്നും കഷ്ടനഷ്ടങ്ങളിൽ നിന്നും മറ്റ് കുരുക്കുകളിൽ നിന്നും ഉള്ള വിടുതലിനെ സൂചിപ്പിക്കുന്നതിനാണ്. വേദശാസ്ത്രത്തിൽ പാപത്തിൽ നിന്നും അതിന്റെ പരിണിതഫലങ്ങളിൽ നിന്നുമുള്ള വിടുതലിന് രക്ഷ എന്നു പറയുന്നു. അതായത് ശിക്ഷയിൽ നിന്നുമുള്ള വിടുതൽ. നമ്മുടെ വിഷയം വിശുദ്ധവേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന രക്ഷ എന്നതാണ്. വേദപുസ്തകത്തിലെ അതിപ്രധാനമായ വിഷയമാണ് പാപത്തിൽ നിന്നും അതിന്റെ പരിണിതഫലങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്ന വീടുതൽ.

'രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവൻ ആയ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു' (വെളിപ്പാട്7:10). എത്ര ഉത്സാഹത്തോടുകൂടിയാണ് രക്ഷയുടെ വില മനസ്സിലാക്കിയ മഹാപുരുഷാരം അഥവാ രക്ഷ പ്രാപിച്ചവർ ദൈവത്തെ സ്തുതിക്കുന്നത്. അവരുടെ ഹൃദയത്തിൽ നിന്നും നന്ദി ഉയർന്നുകൊണ്ടിരുന്നു. അതിനാൽ അവർക്ക് അവരുടെ നാവുകളെ നിയന്ത്രിക്കാൻ കഴിയുന്നില്ല... ഉത്സാഹഭരിതരായി അവർ ദൈവത്തെ വാഴ്ത്തുകയാണ്. രക്ഷിക്കപ്പെട്ടവർ പ്രാപിച്ചിരിക്കുന്ന രക്ഷയുടെ പ്രാധാന്യതയും വിലയും ഗ്രഹിക്കുമ്പോഴാണ് വാസ്തവത്തിൽ അവർ സത്യാരാധകരായിത്തീരുന്നത്.

'രക്ഷ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം' എന്നതാണ് ആരാധകരെ ഉത്സാഹഭരിതരാക്കിയ മഹത്വകരമായ വിഷയം. അതെ, രക്ഷ സൗജന്യമാണ്. വിലയില്ലാത്തതുകൊണ്ടല്ല, പ്രത്യുത വിലമതിക്കുവാൻ കഴിയില്ല എന്നതുകൊണ്ടാണ്. കോരഹ് പുത്രന്മാർ ഇങ്ങനെ പാടിയിരിക്കുന്നു: 'സഹോദരൻ ശവക്കുഴി കാണാതെ എന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുക്കുവാനോ ദൈവത്തിന് വീണ്ടെടുപ്പു വില കൊടുക്കുവാനോ ആർക്കും കഴിയുകയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയത്. അത് ഒരുനാളും സാധിക്കുകയില്ല' (സങ്കീർത്തനം 49:7 - 9). മനുഷ്യർക്ക് അസാധ്യമായിരുന്നതും ദൈവത്താൽ മാത്രം സാധ്യമായിരുന്നതും ആയിരുന്നു നമ്മുടെ രക്ഷ. അതായത് പാപികളായ നമ്മെ നമ്മുടെ പാപത്തിൽ നിന്നും അതിന്റെ പരിണിതഫലമായ നിത്യനരകത്തിൽ നിന്നും വീണ്ടെടുക്കുക എന്നത് യേശുക്രിസ്തുവിൽക്കൂടെ ദൈവം സാധ്യമാക്കി. രക്ഷയ്ക്കായി എല്ലാം ചെയ്തത് ദൈവമാണ്. നാം ഒന്നും ചെയ്തിട്ടില്ല, ചെയ്യേണ്ടതുമില്ല. സമർപ്പിക്കുകയല്ലാതെ നമ്മെക്കൊണ്ട് ഒന്നും ചെയ്യുവാൻ സാധ്യവുമല്ല.

ദൈവം തന്റെ ഏകജാതനായ പുത്രൻ നമുക്കായി പ്രായശ്ചിത്തമരണം വരിക്കേണ്ടതിനായി ഏൽപ്പിച്ചുതന്നുകൊണ്ട് സാധ്യമാക്കിയ 'ഇത്ര വലിയ രക്ഷ' നമുക്ക് സൗജന്യമായി നൽകുന്നത് അവിടത്തെ മഹാകൃപയാലാണ്. രക്ഷയുടെ വലിപ്പവും മഹത്വവും മനസ്സിലാക്കുംതോറും ദൈവകൃപയുടെ വലിപ്പവും നമുക്ക് മനസ്സിലായിക്കൊണ്ടിരിക്കും. ഈ തിരിച്ചറിവ് ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ നടത്തും. അപ്പോൾ നന്ദിയുടെ

രക്ഷയിൽ നമ്മുടെ പങ്ക് എന്താണ്? രക്ഷ സ്വന്തമാക്കുക, അഥവാ വിശ്വാസത്താൽ രക്ഷപ്രാപിക്കുക എന്നതാണ് നമ്മുടെ പങ്ക്. യേശുക്രിസ്തുവിൽക്കൂടിയുള്ള ദൈവത്തിന്റെ ദാനമായ രക്ഷ സകല മനുഷ്യർക്കും വേണ്ടിയാണ്. യേശുക്രിസ്തുവിന്റെ ജനനത്തിങ്കൽ സ്വർഗ്ഗീയദൂതൻ വിളിച്ചുപറഞ്ഞു: 'ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' (ലൂക്കോസ് 2 :10, 11). 'സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ' എന്നു ശിമ്യോൻ പറഞ്ഞു. അപ്പോസ്തലനായ പൗലോസ് ഇപ്രകാരം കുറിച്ചിരിക്കുന്നു. 'സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ'(തീത്തോസ് 2:11). അതെ, യേശുക്രിസ്തു ഏകരക്ഷകനും സകലരുടെയും രക്ഷകനും ആണ്. യേശുവിൽക്കൂടിയുള്ള രക്ഷ എല്ലാവർക്കും നൽകപ്പെട്ട ദൈവത്തിന്റെ മഹത്തായ ദാനമാണ്. 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ'(1 തിമോഥെയോസ് 1:15). എല്ലാവരും പാപികൾ ആയതുകൊണ്ട് എല്ലാവർക്കും രക്ഷ അനിവാര്യമാണ്. പാപത്തിൽ നിന്നും പാപത്തിന്റെ പരിണിതഫലങ്ങളിൽ നിന്നും രക്ഷ നൽകുവാൻ നമുക്കായി മരിച്ച യേശുക്രിസ്തു ഏകരക്ഷകനാണ്. ഇത് എല്ലാവരും അംഗീകരിക്കുവാനും വിശ്വസിക്കുവാനും യോഗ്യമായ വചനമാണ്.

യേശുക്രിസ്തുവിനെയും അവിടുന്ന് നമുക്ക് സൗജന്യമായി സാധ്യമാക്കിയ തന്നിലൂടെയുള്ള രക്ഷയേയും അവിശ്വസിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നതാണ് മനുഷ്യനെ നരകയോഗ്യനാക്കുന്നത്.'ദൈവം തന്റെ പുത്രനെ ലോകത്തിലയച്ചത് ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നുകഴിഞ്ഞു' (യോഹന്നാൻ 3:17,18). ശിക്ഷാവിധി എന്നത് നിത്യമരണം ആയ നിത്യനരകം ആണ്. എന്നാൽ വിശ്വസിക്കുന്നവർക്ക് യേശുക്രിസ്തുവിലൂടെ നിത്യജീവൻ ഉണ്ട്. പുത്രനിൽ വിശ്വസിക്കു നിറകുടമായി നമ്മുടെ ഹൃദയം മാറിക്കൊണ്ടിരിക്കുകയും നിരന്തരമായി സ്തോത്രയാഗങ്ങൾ ദൈവത്തിന് അർപ്പിക്കുവാൻ നാം പ്രാപ്തരാവുകയും ചെയ്യുന്നു. ദൈവവുമായുള്ള ഉറപ്പേറിയ ആത്മബന്ധത്തിന്റെ അടിത്തറയായി അത് മാറുന്നു. അപ്പോൾ പൗലോസിനോട് ചേർന്ന് നമുക്കും പറയുവാൻ കഴിയും. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു എന്നു എഴുതിയിരിക്കുന്നുവല്ലോ. നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും നാം പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു(റോമർ 8:35-39).

രക്ഷ ദൈവത്തിന്റെ ദാനമാണെന്നും അവിടുന്ന് നമുക്ക് അത് സൗജന്യമായി നൽകുന്നത് അവിടുത്തെ മഹാകൃപയാൽ ആണെന്നുമുള്ള ചിന്ത നമ്മിൽ നന്നായി വേരുറയ്ക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അതു മറന്നാൽ ഹൃദയത്തിൽ പിന്മാറ്റം സംഭവിക്കും. പൗലോസ് അപ്പോസ്തലൻ വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു: കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നമുക്കു ലഭിച്ച ഇത്ര വലിയ രക്ഷയ്ക്ക് നമ്മുടെ പ്രവൃത്തികൾ ഒന്നും കാരണമല്ല. രക്ഷയ്ക്കായുള്ളതെല്ലാം യേശു നിവർത്തിച്ചു. ക്രൂശിൽ നമുക്കായി സ്വന്തജീവൻ നൽകിക്കൊണ്ട് യേശുകർത്താവ് അരുളിച്ചെയ്തു 'നിവൃത്തിയായി' (യോഹന്നാൻ19:30). അതെ, തന്നെക്കുറിച്ചുള്ള എല്ലാ പ്രവചനങ്ങളും നിവൃത്തിയായി, മനുഷ്യന്റെ രക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതി നിവൃത്തിയായി, പൂർണ്ണമായും ദൈവത്തിന്റെ ഇഷ്ടം നിവൃത്തിയായി. അങ്ങനെ രക്ഷ സകലർക്കും സൗജന്യമായിത്തീർന്നിരിക്കുന്നു. അതിനാൽ രക്ഷ മനുഷ്യന് സാധ്യമായിത്തീർന്നു. രക്ഷ സൗജന്യമല്ലായിരുന്നുവെങ്കിൽ അത് മനുഷ്യന് എന്നും അപ്രാപ്യം ആകുമായിരുന്നു.

ന്നവനു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ (യോഹന്നാൻ 3:36). അതിനാൽ യേശുക്രിസ്തുവിൽക്കൂടിയുള്ള രക്ഷയെ, ക്രിസ്തുവിൽ വിശ്വസിച്ച് അംഗീകരിച്ച് സ്വീകരിക്കുക എന്നതാണ് ഓരോ വ്യക്തിയും ചെയ്യേണ്ടത്. അതാണ് രക്ഷ അവകാശമാക്കുന്നതിൽ നമുക്ക് ഓരോരുത്തർക്കും ഉള്ള പ്രഥമപങ്ക്.

ക്രിസ്തുവിൽക്കൂടെയുള്ള പാപക്ഷമ പ്രാപിച്ച് നിത്യജീവൻ വിശ്വാസത്താൽ പ്രാപിക്കുന്നത് പോലെ തന്നെ പ്രധാനപ്പെട്ട ഒന്നാണ് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചുനിന്നു നിത്യജീവനെ മുറുകെ പിടിക്കുക എന്നത്. അപ്പോസ്തലനായ പൗലോസ് വിശ്വാസത്തിൽ നിജപുത്രനായ തിമോഥെയോസിനോട് പറഞ്ഞു: 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിനായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ (1 തിമോഥെയോസ് 6:12). ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും വിശ്വാസത്തിൽ നിലനിൽക്കുന്നതിനുള്ള പോരാട്ടം ഉണ്ട്. കാരണം പൗലോസ് കൊരിന്തിലെ വിശ്വാസികളോട് പറഞ്ഞു: 'എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു(2 കൊരിന്ത്യർ 11:3). നാം വിശ്വസിച്ച് യേശുക്രിസ്തുവിനോട് സത്യസന്ധരും വിശ്വസ്തതരും ആയിരിക്കുന്നു എങ്കിൽ മാത്രമേ നമുക്ക് നിർമ്മലരായിരിക്കുവാനും നിത്യജീവനെ മുറുകെ പിടിക്കുവാനും കഴിയുകയുള്ളൂ. നമ്മെ അവിശ്വസ്തരും അശുദ്ധരും ആക്കി ക്രിസ്തുവിൽ നിന്നും വേർപെടുത്തുവാനുള്ള പിശാചിന്റെ എല്ലാ തന്ത്രങ്ങളും ഉപായങ്ങളും തിരിച്ചറിഞ്ഞ് നാം പിശാചിനോട് എതിർത്തു നിൽക്കണം. വിശ്വാസത്തിന്റെ ഈ പോരാട്ടം നമുക്ക് എല്ലാവർക്കും അനിവാര്യമാണ്. നിത്യജീവനെ മുറുകെ പിടിക്കുന്നത് അപ്രകാരമാണ്.

രക്ഷയുടെ വിലയും മഹത്വവും മറക്കുന്നവർ പിശാചിന്റെ ഉപകരണങ്ങളായി അവന്റെ ഉപായത്താൽ വഞ്ചിതരായിത്തീരും. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും അവർ നഷ്ടപ്പെടുത്തി ലോകസ്നേഹികൾ ആയിത്തീരുവാനുള്ള സാധ്യതയെക്കുറിച്ച് തിരുവചനം മുന്നറിയിപ്പ് നൽകുന്നു. അപ്പോസ്തലന്മാരിൽ ഒരുവനായിരുന്ന യൂദാ, പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി

**നമ്മെ അവിശ്വസ്തരും അശുദ്ധരും ആക്കി ക്രിസ്തുവിൽ നിന്നും വേർപെടുത്തുവാനുള്ള പിശാചിന്റെ എല്ലാ തന്ത്രങ്ങളും ഉപായങ്ങളും തിരിച്ചറിഞ്ഞ് നാം പിശാചിനോട് എതിർത്തു നിൽക്കണം. വിശ്വാസത്തിന്റെ ഈ പോരാട്ടം നമുക്ക് എല്ലാവർക്കും അനിവാര്യമാണ്. നിത്യജീവനെ മുറുകെ പിടിക്കുന്നത് അപ്രകാരമാണ്.**

ദ്രവ്യാഗ്രഹിയായി, ക്രിസ്തുവിൽ നിന്നും അകന്ന് നാശത്തിന് ഇരയായി. പൗലോസിന്റെ സഹപ്രവർത്തകനായിരുന്ന ദേമാസ് 'ഈ ലോകത്തെ സ്നേഹിച്ച്' ക്രിസ്തുവിൽ നിന്നും അന്യപ്പെട്ടുപോയി (2 തിമോഥെയോസ് 4 :10 ) ഹുമനയോസും അലക്സന്തരും അവരുടെ നല്ല മനസ്സാക്ഷി വിട്ടുകളഞ്ഞതിനാൽ അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി ( 1 തിമോഥെയോസ് 1:19,20). ഈ സംഭവങ്ങൾ വളരെ ഗൗരവമായ മുന്നറിയിപ്പായിത്തന്നെ നാം കാണണം.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ യേശുവിന്റെ മുമ്പിൽ നിർത്തി, ഇവളെ കല്ലെറിയണം എന്ന് വേദശാസ്ത്രികളും പരീശന്മാരും വാദിക്കുമ്പോൾ കർത്താവ് അവരോട് പറഞ്ഞു: 'നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ', നീതിമാന്മാർ എന്ന് സ്വയം അവകാശപ്പെട്ടവർക്ക് ആ വിധിയുടെ മുമ്പിൽ നിൽക്കുവാൻ കഴിഞ്ഞില്ല. കുറ്റബോധത്താൽ അവർ ഓരോരുത്തരായി പിന്തിരിഞ്ഞ് ഓടി. പാപി എന്ന് തെളിയിക്കപ്പെട്ട ആ സ്ത്രീയെ നോക്കി യേശു പറഞ്ഞു: 'ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല'. പാപക്ഷമ സൗജന്യം! എന്നാൽ പിന്നീട് കർത്താവ് ഒരു കൽപ്പന കൂടി നൽകി. 'ഇനി മേൽ പാപം ചെയ്യരുത്'. ഇത് രക്ഷപ്രാപിച്ചവരുടെ ഉത്തരവാദിത്വമാണ്. രക്ഷപ്രാപിച്ചവരുടെ ജീവിതം അവരുടെ 'രക്ഷയുടെ' സാക്ഷ്യമായിരിക്കണം.

•



സാജു മാത്യു

# ആത്മീയശുശ്രൂഷയ്ക്കു ശുപാർശക്കത്തോ...?

***'ഞങ്ങളിൽനിന്നു തന്നെ വരുംപോലെ സ്വയമായി വല്ലതും സങ്കല്പിപ്പാൻ ഞങ്ങൾ പ്രാപ്തർ എന്നല്ല; ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ.'(2കൊരിന്ത്യർ 3:5)***

**നി**ങ്ങൾ താഴ്മയുള്ള വ്യക്തിയാണോ എന്നൊരാൾ ചോദിക്കുന്നുവെന്നിരിക്കട്ടെ. നിങ്ങൾ എന്തു മറുപടി പറയും. 'അതെ' എന്നു പറഞ്ഞാൽ, 'താഴ്മയുള്ള വ്യക്തി' എന്ന അഹങ്കാരം നിങ്ങളെ പിടിച്ചിരിക്കും... അല്ലേ? താഴ്മയെക്കുറിച്ചു ഒരാൾ പറഞ്ഞത്: 'താഴ്മയുടെ ഏറ്റവും വലിയ പ്രശ്നം, അതുണ്ടെന്നു നിങ്ങൾ തിരിച്ചറിയുമ്പോൾ നിങ്ങൾക്കു അതു നഷ്ടപ്പെട്ടിരിക്കും' എന്നതാണ് (The problem with humility is that, when you realise you have it, you loose it!) എന്നാലതേ സമയം, 'നിങ്ങൾ താഴ്മയുള്ള വ്യക്തിയാണോ എന്ന ചോദ്യത്തിന്, 'ഇല്ല! ഞാൻ ഒട്ടും താഴ്മയുള്ള വ്യക്തിയല്ല, ഞാനൊരു അഹങ്കാരിയാണ്!' എന്നു നിങ്ങൾ ഉത്തരം പറഞ്ഞാലോ? അതു പറയുമ്പോൾ നിങ്ങൾ ഒട്ടും താഴ്മയില്ലാത്ത വ്യക്തിയല്ല. ഏറ്റവും കുറഞ്ഞത്, അഹങ്കാരിയാണെന്നു സമ്മതിക്കാനുള്ള താഴ്മയെങ്കിലും നിങ്ങൾക്കുണ്ടല്ലോ! അപ്പോൾ ശരിക്കും ഉത്തരം പറയാൻ പ്രയാസമുള്ള ഒരു ചോദ്യമാണിത്. ഇതുപോലെയാണു നമ്മുടെ ആത്മാർഥതയെപ്പറ്റിയും എല്ലാ ഗുണസ്വഭാവങ്ങളെപ്പറ്റിയുമുള്ള ചോദ്യം. എന്റെ സ്വഭാവത്തെപ്പറ്റി ഞാൻ എന്തെങ്കിലും നല്ലതായി പറഞ്ഞാൽ തീർച്ചയായും നിങ്ങൾ പറയാനിടയുള്ളത്, "അതു മറ്റുള്ളവർ പറയട്ടെ... സ്വയം പറയുന്നതിൽ എന്തർഥം?" എന്നാവും.

'താഴ്മ' എന്നതു നമ്മെക്കുറിച്ചുതന്നെ ചെറുതാക്കി പറയുന്നതാണ് എന്ന ഒരു ധാരണ നമ്മുടെയുള്ളിൽ കടന്നുകൂടിയിട്ടുണ്ട്. അതുകൊണ്ട് എപ്പോഴും നമ്മെക്കുറിച്ചു സംസാരിക്കുമ്പോൾ നാം അറിയാതെ വിനയാന്വിതരാവുന്നു. അതൊരു മഹത്വമായി മറ്റുള്ളവർ കണക്കാക്കുകയും ചെയ്യും. ഒടുവിൽ വന്നവനു മഹത്വം കിട്ടാൻവേണ്ടി നാം വിനയാന്വിതഭാവം പൂകുന്ന സ്ഥിതിയിലെത്തുന്നു. അത്, അഹങ്കാരം പറയുന്നതിനേക്കാൾ വലിയ അപകടത്തിലേക്കാണു നമ്മെ നയിക്കുന്നതെന്നു നാം അറിയുന്നില്ല. ഇല്ലാത്തതു ഭാവിച്ച് അഹങ്കാരം പറയുന്നതു അഭിനയമാണ്. ഉള്ളതു മറച്ച് വിനയം കാണിക്കുന്നതും അഭിനയമാണ്. രണ്ടിടത്തും നാം നാമല്ലാതായിപ്പോകുന്നു.

അപ്പൊസ്തലനായ പൗലൊസ് നാം കരുതുന്നതുപോലെ അത്ര 'വിനയാന്വിത' നായൊന്നുമല്ല തന്റെ ലേഖനങ്ങളിലൂടെ നമ്മുടെ മുന്നിലെത്തുന്നത്. 'കർത്താവു ഞങ്ങൾക്കു തന്ന അധികാരത്തെക്കുറിച്ച് കുറച്ചൊന്നു പ്രശംസിച്ചാലും ഞങ്ങൾ ലജ്ജിച്ചു പോകുകയൊന്നുമില്ല' (2 കൊരിന്ത്യർ 10:8) എന്നു എഴുതാനും പൗലൊസിനു മടിയില്ല. ഞാൻ അപ്പോസ്തലൻ അല്ലയോ? (1 കൊരിന്ത്യർ 9:1) എന്നാണു പൗലൊസ് ചോദിക്കുന്നത്... അല്ലാതെ, 'ഞാൻ അപ്പൊസ്തലനൊന്നുമല്ല സഹോദരങ്ങളെ'എന്നു പറയുന്നില്ല.

നമ്മുടെ നോട്ടത്തിൽ അഹങ്കാരം എന്നു പറയാവുന്ന ഈ വാക്കുകൾ, ഈ മനോഭാവം പൗലൊസ് എന്തുകൊണ്ട് പ്രദർശിപ്പിക്കുന്നു? ഉത്തരം ഒന്നേയുള്ളു: താൻ ആരാണെന്ന അവ

ബോധം തനിക്കുണ്ടായിരുന്നതുകൊണ്ട്, താഴ്മയെന്നതു നമ്മെ താഴ്ത്തിക്കാണിക്കുന്നതല്ല; താഴ്മയെന്നതു നാം ആരെന്നു തിരിച്ചറിയുന്നതാണ്! (humility is not showing yourself low... humility is knowing who you are! ) അവിടെ അഭിനയം ഇല്ലാതാകുന്നു; നാം യാഥാർഥ്യമുള്ളവരാകുന്നു!

'ഞങ്ങൾ പിന്നെയും ഞങ്ങളെതന്നെ ശ്ലാഘിപ്പാൻ തുടങ്ങുന്നുവോ?' (2 കൊരിന്ത്യർ3: 1) എന്നു ചോദിച്ചാണു നമ്മുടെ വേദഭാഗം തുടങ്ങുന്നത്. 'ഞങ്ങൾ ആരെന്നു ഞങ്ങളെത്തന്നെ പിന്നെയും നിങ്ങളുടെ മുമ്പിൽ ബോധ്യപ്പെടുത്താൻ പരിശ്രമിക്കുന്നുവോ എന്നാണു കുറെക്കൂടെ ശരിയായ തർജ്ജമ. വാസ്തവത്തിൽ അഹങ്കാരം പറച്ചിലും താഴ്മ കാണിക്കലും എല്ലാം മറ്റുള്ളവരുടെ മുമ്പിൽ നാം നമ്മെതന്നെ 'ബോധ്യപ്പെടുത്താൻ' നോക്കുന്ന വൃഥാപരിശ്രമങ്ങളാണ്!

കഴിഞ്ഞ അധ്യായത്തിൽ പൗലൊസ് നടത്തുന്ന ചില അവകാശവാദങ്ങളുടെ പശ്ചാത്തലത്തിലാണു ഈ ചോദ്യം. അതു വായിക്കുമ്പോൾ നമുക്കൊരു കാര്യം ബോധ്യമാകും. പൗലൊസിന്റെ പ്രശംസ തന്റെ ധനത്തിന്റെയോ, വിദ്യാഭ്യാസത്തിന്റെയോ, ജനപിന്തുണയുടെയോ, പദവികളുടെയോ പേരിലല്ല; പ്രത്യുത, തനിക്കു ദൈവത്തോടുള്ള ബന്ധത്തിന്റെയും (അടുപ്പത്തിന്റെയും) ദൈവം തന്നെ ഭരമേൽപ്പിച്ച ശുശ്രൂഷയുടെയും അടിസ്ഥാനത്തിലാണ്. അതുകൊണ്ടു പദവികളുടെയും ജനപിന്തുണയുടെയും സ്വാധീനത്തിന്റെയുമൊക്കെ പേരിൽ അഹങ്കാരം പറയുന്ന ആധുനിക സഭാനേതാക്കൾക്കു പൗലൊസ് ഒരിക്കലും ഒരു മാതൃകയല്ല എന്നോർക്കണം! പൗലൊസിന്റെ അവകാശവാദം, ദൈവം തന്റെ ജീവിതത്തിൽ എപ്പോഴും ജയം നൽകുന്നുവെന്നാണ് (2 കൊരിന്ത്യർ 2:14). ഞങ്ങളുടെ പ്രശംസ കേൾക്കുന്ന എല്ലാവർക്കും– രക്ഷിക്കപ്പെടുന്നവരുടെയിടയിലും നശിക്കുന്നവരുടെയിടയിലും– ഞങ്ങൾ ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു (2 കൊരിന്ത്യർ 2:15). ക്രിസ്തു ഞങ്ങളിലൂടെ ലോകത്തിലേക്കു ഒഴുകുകയാണ്. ഞങ്ങളുടെ പ്രസംഗം അംഗീകരിക്കുന്നവരിലേക്കു ക്രിസ്തു ജീവനായും നിരസിക്കുന്നവരിലേക്കു മരണമായും ഒഴുകിയെത്തുന്നു. 100%ശതമാനം സുനിശ്ചിതമായ ഫലം! ഇതിനു ആർ പ്രാപ്തർ? ഇതിനു തുല്യമായ ഒരു ജോലി ആർക്കു ലഭിച്ചിട്ടുണ്ട്? Who is equal to such a task? (2 കൊരിന്ത്യർ 2: 16).

ഞങ്ങൾ ചെയ്യുന്നതിനു തുല്യമായ ശുശ്രൂഷ ചെയ്യുന്ന വേറെ ആരുണ്ട് എന്ന വെല്ലുവിളി, വേറെ ചില 'ശുശ്രൂഷകർ'ക്കുള്ള ഒരു 'കൊട്ടു'കൂടെയാണ്. വേറെ ചിലർ, ശുശ്രൂഷകർ എന്നുപറഞ്ഞ് ഇറങ്ങിയിട്ടുണ്ട്. അവരുടെ പ്രശ്നം അവർ ദൈവവചനത്തോടു അവരുടെ ആശയവും നിഗമനങ്ങളും 'കൂട്ടുചേർക്കുന്നു' എന്നതാണ്. അവരുടെ ആശയം കൂട്ടുചേർക്കുമ്പോൾ അവരിൽനിന്നു പുറപ്പെട്ടു വരുന്നത് അവരുടെ 'വാസന'യായിരിക്കും. എന്നാൽ, ഞങ്ങളിൽ നിന്നു പുറപ്പെടുന്നതു ഞങ്ങളുടെ വാസന അല്ല; ക്രിസ്തുവിന്റെ സൗരഭ്യവാസന ആണ്. കാരണം, ഞങ്ങൾ ദൈവവചനത്തിൽ കൂട്ടുചേർക്കാതെ, വചനം അതായിത്തന്നെ നിർമ്മലതയോടും, ദൈവസന്നിധിയിൽ ദൈവത്തിന്റെ വാക്കുകളായി ക്രിസ്തുവിന്റെ അതേ ആത്മാവിലാണു പ്രസംഗിക്കുന്നത്.

സുവിശേഷം പ്രസംഗിക്കുന്ന മറ്റുള്ളവരെ ഇങ്ങനെ ഇടിച്ചുതാഴ്ത്തി സംസാരിക്കുന്നതു ശരിയാണോ എന്നു നമുക്കു സംശയം തോന്നാം. അവർ സുവിശേഷമാണു പ്രസംഗിക്കുന്നതെങ്കിൽ അവരെ ഇടിച്ചു താഴ്ത്തുന്നതു തീർച്ചയായും അപലപനീയം തന്നെ. എന്നാൽ, അവർ പ്രസംഗിക്കുന്നതു സുവിശേഷം അല്ലല്ലോ... ദൈവവചനത്തിൽ ഒരാൾ സ്വന്തം ആശയം കൂട്ടുചേർക്കുമ്പോൾ, സ്വാർത്ഥമായി വ്യാഖ്യാനിക്കുമ്പോൾ അതു സുവിശേഷമല്ലാതാകുന്നു. അതു ദുരുപദേശമാണ്; അതു പ്രസംഗിക്കുന്നവൻ ദുരുപദേശക്കാരനാണ്. അങ്ങനെയുള്ളവരോടു 'സോഫ്റ്റ്' ആകേണ്ട കാര്യമൊന്നുമില്ല; കാരണം, അവരുടെ പ്രസംഗം ജനങ്ങൾക്കു "ക്രിസ്തുവിന്റെ പരിജ്ഞാനത്തിന്റെ വാസന''യല്ല നൽകുന്നത്!

ദൈവവചനത്തിൽ കൂട്ടുചേർക്കുന്നവൻ ശ്ലാഘ്യപത്രവുമായാണ് (recomendation letter) ഇറങ്ങിയിരിക്കുന്നത്. ഒരുപക്ഷേ, ഇക്കൂട്ടർ യെരൂശലേമിൽനിന്നു വന്ന യഹൂദ ക്രിസ്ത്യാനികളായിരിക്കാം. ലോകത്തിന്റെ ചെളിക്കുണ്ടിൽ നിന്നു ദൈവം വിളിച്ച് വേർതിരിച്ച് കഴുകി ശുദ്ധീകരിച്ച് ആത്മാവിന്റെ സ്വാതന്ത്ര്യം (2 കൊരിന്ത്യർ3:17) നല്കിയ കൊരിന്തിലെ ജാതീയ ക്രിസ്ത്യാനികളെ, ആത്മാവിനാൽ ക്രിസ്തുവിന്റെ തേജസ്സിലേക്കു നയിക്കേണ്ടതിനു പകരം യഹൂദ പാരമ്പര്യത്തിന്റെ നുകത്തിൻകീഴിലേക്കു അവരുടെ

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# പ്രത്യാശയെ ഉറപ്പിക്കുന്ന വാഗ്ദത്തങ്ങൾ

(എബ്രായർ 10 : 19 -24 )

യേശുക്രിസ്തു ഒരിക്കൽ കഴിച്ച ശരീരയാഗത്താൽ വിശ്വസിക്കുന്നവർ എങ്ങനെയാണ് നിത്യമായ പാപമോചനവും വീണ്ടെടുപ്പും അനുഭവിക്കുന്നത് എന്ന് മുൻലക്കങ്ങളിൽ വിശദീകരിച്ചു കഴിഞ്ഞു.19 മുതൽ ഉള്ള വാക്യങ്ങൾ വീണ്ടെടുപ്പിന്റെ സ്ഥിരതയെയും ഉറപ്പിനെയും കുറിച്ചാണ് പറയുന്നത്. 19 മുതൽ 22 വരെ ഒറ്റവാചകമാണ്. ഇതിൽ നമ്മെ അമ്പരപ്പിക്കുന്ന ചില ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്.

എബ്രായർ 10 : 19 ൽ യേശുക്രിസ്തു നമുക്കായി ഒരു പുതിയ വഴി ഒരുക്കിയിരിക്കുന്നു, ഇത് ജീവനുള്ള ഒരു വഴിയാണ്. ഈ വഴിക്ക് എങ്ങനെയാണ് ജീവൻ ഉണ്ടാകുന്നത്? അതിന്റെ കാരണം യേശുക്രിസ്തു തന്നെയാണ് ആ വഴി എന്നുള്ളതാണ്. യേശുക്രിസ്തുവിന്റെ തകർക്കപ്പെട്ട ശരീരത്തിലൂടെ ഒരു തിരശ്ശീലയിലൂടെ എന്നവണ്ണം നാം അകത്തേക്ക് പ്രവേശിക്കുന്നു. ആ തിരശ്ശീല നമുക്കായി ചീന്തപ്പെട്ടതാണ്. അതിലൂടെ കടക്കുന്നവർ ജീവനിലേക്കാണ് പ്രവേശിക്കുന്നത്. വഴി എന്ന് കേൾക്കുമ്പോൾ സാധാരണ നടന്നുപോകുന്ന ഒരു പാതയുടെ ഓർമ്മയായിരിക്കാം നമ്മുടെ ഉള്ളിൽ ഉണ്ടാകുന്നത്. എന്നാൽ യേശുക്രിസ്തു തന്നെയാണ് വഴി എന്ന് പറയുമ്പോൾ അതിന്റെ അർത്ഥം യേശുക്രിസ്തുവിന്റെ ജീവൻ തന്നെയാണ് നമുക്കുള്ള വഴി എന്നാണ്. അതായത് അവന്റെ ജീവൻ നമ്മിൽ വ്യാപരിക്കുക, അവന്റെ ആത്മാവിനാൽ ദൈവീക ജീവനുള്ളവരാവുക. ഈയൊരു മാർഗ്ഗത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. നമുക്ക് വേണ്ടി ഇപ്രകാരം ജീവനുള്ള ഒരുവഴി ദൈവം പ്രതിഷ്ഠിച്ചിരിക്കുന്നു. പ്രതിഷ്ഠ എന്ന വാക്ക് സൂചിപ്പിക്കുന്നത് ആ വഴിയുടെ ജീവനും വിശുദ്ധിയുമാണ്. അത് തന്റെ മക്കൾക്കുവേണ്ടി കർത്താവ് ഒരുക്കിയതാണ്.

എബ്രായർ ഒമ്പതാം അധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു: യേശുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട് കൈപ്പണി അല്ലാത്തതായി എന്നുവച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവും ഉള്ള ഒരു കൂടാരത്തിൽ കൂടി ആടുകളുടെയും പശുക്കിടാങ്ങളുടെയും രക്തത്താൽ അല്ല, സ്വന്തരക്തത്താൽത്തന്നെ ഒരിക്കലായി പ്രവേശിച്ച് എന്നന്നേക്കും ഉള്ള വീണ്ടെടുപ്പ് സാധിപ്പിച്ചു.

### പ്രത്യാശയെ ഉറപ്പിക്കുന്ന വാഗ്ദത്തങ്ങൾ

ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതും വലിപ്പവും തികവുമുള്ള ഒരു നിത്യകൂടാരം എന്നതുകൊണ്ട്, യേശുക്രിസ്തുവിന്റെ യാഗത്തിന്റെ നിത്യമായ ഫലപ്രാപ്തിയെ ആണ് ഉദ്ദേശിക്കുന്നത്. സൂര്യനും ചന്ദ്രനും ഇല്ലാത്തതിനാൽ, സമയം കണക്കാക്കാത്ത നിത്യതയിൽ സമയത്തിന്റെ തുടർച്ച ഇല്ലാത്തതുകൊണ്ട് ഒരിക്കൽ അർപ്പിച്ച യാഗം എന്നന്നേക്കും ഫലം ചെയ്യുന്നു. യേശുവിന്റെ യാഗാർപ്പണത്തെ സമയം ബാധിച്ചിട്ടില്ല. യേശുവിന്റെ പുണ്യാഹരക്തം ഇപ്പോഴും നമുക്കായി ഗുണകരമായി സംസാരിക്കുന്നു. ഈ രക്തമാണ് വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനം നമുക്ക് സാധ്യമാക്കുന്നത്. നമ്മുടെ പാപങ്ങൾക്കുള്ള പരിഹാരം യേശുവിലൂടെ നിവൃത്തിക്കപ്പെട്ടു. അത് നമുക്ക് ധൈര്യം നൽകുന്ന സത്യമാണ്. ഏതുസമയത്തും നമുക്ക് ഈ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനം സാധ്യമാണ്.

എബ്രായർ 10 : 21 ൽ യേശുക്രിസ്തുവിന്റെ രക്തം നമുക്കായി അർപ്പിക്കപ്പെട്ടു എന്ന് മനസ്സിലാക്കുമ്പോൾ, അത് നമുക്ക് വലിയ ധൈര്യമാണ് നൽകുന്നത്. എങ്കിലും അത് മാത്രമല്ല നമുക്ക് ഉറപ്പായി ദൈവം നൽകിയിരിക്കുന്നത്. ആ രക്തം നമുക്കായി അർപ്പിച്ച നിത്യമഹാപുരോഹിതനായ യേശുക്രിസ്തുവും നമുക്ക് ആ വിശുദ്ധമന്ദിരത്തിൽ ഉണ്ട്. ആ മഹാപുരോഹിതൻ നമുക്കായി എന്നെന്നേക്കും പക്ഷവാദം ചെയ്തുകൊണ്ടേയിരിക്കുന്നു. ഇത് നമ്മുടെ ധൈര്യത്തെ പൂർണ്ണമാക്കുന്നു. അതുകൊണ്ട് തക്കസമയത്ത് കൃപ ലഭിക്കേണ്ടതിന് സ്വർഗ്ഗീയമായ കൃപാസനത്തോട് അടുത്തുചെല്ലുവാൻ നാം ഒട്ടും സംശയിക്കേണ്ടതില്ല.

എബ്രായർ 10 : 22 ൽ കാണുന്ന ഒരു പ്രധാനപ്പെട്ട പ്രയോഗമാണ് ദുർമനസാക്ഷി നീങ്ങുമാറ് എന്നുള്ളത്. എന്താണ് ദുർമനസാക്ഷി? പല വിശ്വാസികൾക്കും 'ദുർമനസാക്ഷി'എന്ന ശത്രുവിനെ നേരിടേണ്ടി വരാറുണ്ട്. ഒരുവ്യക്തിയിൽ ദുർമനസാക്ഷി ഉണ്ടാകുന്നത് ക്ഷമിക്കപ്പെട്ട പാപങ്ങളുടെ കുറ്റബോധം നീങ്ങിപ്പോകാത്തതുകൊണ്ടാണ്. ചില ആളുകൾ അതിതീവ്രമായ കുറ്റബോധത്താൽ പിടിക്കപ്പെട്ടിരിക്കുന്നതായി കണ്ടിട്ടുണ്ട്.

എത്ര ഉറപ്പ് ലഭിച്ചാലും അവർ വീണ്ടുംവീണ്ടും പഴയ കുറ്റങ്ങളുടെ ഭാരത്താൽ നീറി ജീവിക്കുന്നു. ഇത് സാത്താന്റെ ഒരു തന്ത്രമാണ്. ദൈവത്തിന്റെ മുൻപിലുള്ള നമ്മുടെ സമാധാനത്തെ എടുത്തു കളയുന്ന ഈ ദുർമനസാക്ഷി അനേകരെ കൃപാസനത്തിൽ നിന്ന് അകറ്റുവാനിടയാക്കുന്നു. രക്ഷപ്പെടാൻ വേണ്ടി പിന്നെയും പിന്നെയും യേശുവിന്റെ ചിന്തപ്പെട്ട രക്തത്തിനടുത്തേക്കും ആ മഹാപുരോഹിതന്റെ സാന്നിധ്യമുള്ള കൃപാസനത്തിലേക്കും ഓടിച്ചെല്ലുവാൻ ലേഖനകർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു. യേശുവിനെ ഒറ്റിക്കൊടുത്ത യൂദായുടെ ജീവിതത്തിൽ സംഭവിച്ചതും ഈ ദുർമനസാക്ഷിയുടെ ആക്രമണമാണ്. ഏത് കഠിനമായ പാപത്തിനും പരിഹാരം വരുത്തുവാൻ കർത്താവിന്റെ യാഗത്തിന് കഴിയും എന്നിരിക്കെ അങ്ങോട്ട് നോക്കാൻ പറ്റാതെ സ്വന്തം കുറ്റത്തിലേക്ക് മാത്രം നോക്കി നശിച്ചു പോവുകയായിരുന്നു യൂദാ.

ഒരാൾക്ക് ഒരു മാരകരോഗം പിടിപെട്ടു എന്നിരിക്കട്ടെ. അതിനുള്ള മരുന്നിലേക്ക് നോക്കാതെ ആ രോഗത്തെ ഓർത്ത് ദുഃഖിച്ച്, ഇനി എനിക്ക് രക്ഷയില്ല എന്ന് വിചാരിച്ച്, നശിച്ചുപോകുന്ന ഒരു അവസ്ഥ പോലെയാണ് ഇത്. നമ്മുടെ ഹൃദയത്തിൽ യേശുക്രിസ്തുവിന്റെ രക്തം തളിക്കപ്പെട്ടിരിക്കുന്നു. അത് ഈ ദുർമനസാക്ഷി നീക്കുവാൻ വേണ്ടിയാണ്. നമ്മുടെ ശരീരവും ശുദ്ധമാക്കപ്പെട്ടിരിക്കുന്നു. കാരണം യേശുക്രിസ്തുവിന്റെ യാഗത്താൽ പൂർണ്ണമായ തേജസ്സിലേക്കുള്ള ഒരു യാത്രയിൽ നമ്മുടെ ശരീരവും മനസ്സും എല്ലാം ശുദ്ധീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ദുർമനസാക്ഷി നീങ്ങിപ്പോകേണ്ടത് ആവശ്യമാണ്. ഈ ദുർമനസാക്ഷി കൊണ്ട് ഉണ്ടാകുന്ന വേറെ ഒരു അപകടം, ദൈവം എടുത്തുകളഞ്ഞ, ആവർത്തിക്കപ്പെടുന്ന പഴയനിയമ വ്യവസ്ഥകളിലേക്ക് തിരിഞ്ഞു നോക്കാനുള്ള ഒരു പ്രവണത ഉണ്ടാകുന്നു എന്നുള്ളതാണ്. അതുകൊണ്ട് വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയമുള്ളവരായി കർത്താവിന്റെ അടുത്തേക്ക് തന്നെ നാം ധൈര്യപൂർവ്വം ചെല്ലേണ്ടതുണ്ട്. അതിന് ദുർമനസാക്ഷിയില്ലാത്ത ഒരു പരമാർത്ഥഹൃദയം നമുക്ക് വേണം. ഈ പരമാർത്ഥഹൃദയം നമുക്ക് ഉണ്ടാകേണ്ടതിനാണ് ഇത്രയും വാഗ്ദത്തങ്ങളെ ദൈവം ഉറപ്പിച്ചു തന്നിരിക്കുന്നത്.

എബ്രായർ 10 : 23 ൽ പ്രത്യാശയുടെ സ്വീകാരം മുറുകെപ്പിടിച്ചു കൊള്ളുക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. നമ്മിൽ പ്രത്യാശ ഉണ്ടാകുന്നത് എങ്ങനെയാണ്? ഈ വാക്യത്തിൽ അത് വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു. വാഗ്ദത്തം

ചെയ്ത ദൈവത്തിന്റെ വിശ്വസ്തതയാണ് നമ്മുടെ പ്രത്യാശയ്ക്ക് ആധാരം. പലയാളുകളും തന്നിലേക്ക് തന്നെ നോക്കി ഇനി എനിക്ക് രക്ഷയില്ല എന്ന് വിചാരിച്ച് ദുർമനസാക്ഷിക്ക് അടിമപ്പെടുന്നു. എന്നാൽ കർത്താവിലേക്ക് നോക്കുമ്പോൾ, അവന്റെ വിശ്വസ്തത ഓർക്കുമ്പോൾ, ആ വാഗ്ദത്തങ്ങൾ നമ്മെ പ്രത്യാശയിലേക്ക് നയിക്കുന്നു.

എബ്രായർ 10 : 24 ൽ ഇത്രയും ഗഹനമായ വേദശാസ്ത്ര സത്യങ്ങൾ പറയുന്നതിനിടയിൽ പെട്ടെന്ന് ഒരു പ്രായോഗിക നിർദ്ദേശം ഈ വാക്യത്തിൽ മുന്നോട്ട് വെക്കുന്നു. സഭായോഗങ്ങൾ മുടക്കരുത് എന്നും, ഉപേക്ഷയായി വിചാരിക്കരുതെന്നും, അന്യോന്യം സൂക്ഷിക്കുന്നതിന് അത് പ്രയോജനപ്പെടുമെന്നും, അന്യോന്യം പ്രബോധിപ്പിക്കണമെന്നും, സൽപ്രവർത്തികൾക്ക് ശുഷ്കാന്തി ഉള്ളവരായിരിക്കുവാൻ സഭായോഗങ്ങൾ നമ്മെ സഹായിക്കുമെന്നും ഈ വാക്യത്തിൽ കാണുന്നു.

എന്തുകൊണ്ടാണ് ഇങ്ങനെ ഒരു പ്രായോഗിക നിർദ്ദേശം പെട്ടെന്ന് ഇതിനിടയിൽ വന്നിരിക്കുന്നത്? നാം ഒഴുകിപ്പോകാതിരിക്കേണ്ടതിനും ദുർമനസാക്ഷി വളർന്നു വരാതിരിക്കേണ്ടതിനും, കർത്താവിന്റെ സഭയ്ക്കുള്ളിലുള്ള കൂട്ടായ്മകൾ വളരെ അത്യാവശ്യമാണ്. പരസ്പരം സൂക്ഷിക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഒറ്റയ്ക്കായിരിക്കുമ്പോൾ പലപ്പോഴും ചിന്താഭാരങ്ങളിൽ അകപ്പെടുവാനും വിശ്വാസത്തിൽ ബലഹീനരായിപ്പോകുവാനും സാധ്യതയുണ്ട്. ഇത് ദുർമനസാക്ഷിയിലേക്കും വിശ്വാസത്യാഗത്തിലേക്കും നയിക്കാൻ സാധ്യതയുള്ള ഘടകങ്ങളാണ്. അതുകൊണ്ട് ഞാൻ ഒറ്റയ്ക്ക് വിശ്വാസിയായിരിക്കുന്നു; ഒരു പ്രത്യേക സഭയും എനിക്ക് ആവശ്യമില്ല എന്ന് പറയുന്നത് വലിയ അപകടത്തിലേക്കുള്ള ഒരു കാൽവയ്പ്പാണ് എന്ന് ഈ തിരുവെഴുത്തുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു •

# മുഖ്യാസനം ഏത്

*ദൈവമക്കളുടെ കൂടിവരവുകളിൽ വചനശുശ്രൂഷ ചെയ്യുന്നവർ മാത്രം വേദിയിലും വലിപ്പച്ചെറുപ്പം നോക്കാതെ എല്ലാവരും ശ്രോതാക്കളായി സദസ്സിലും ഇരിക്കുന്ന ആരോഗ്യകരമായ ഒരു പ്രവണത കണ്ടു തുടങ്ങിയിട്ടുണ്ട്. അടുത്തയിടെ സംബന്ധിച്ച പല മീറ്റിംഗുകളിലും ഇപ്രകാരം കണ്ടു. അതാണു നല്ലത്. ചില സഭകൾ തുടക്കം മുതലേ ഇങ്ങനെ അനുവർത്തിച്ചു വരുന്നുണ്ട്.*

*പ്രസംഗകന്റെ പിന്നിലെ ഇരിപ്പിടങ്ങളിൽ നിരന്നിരിക്കുന്നവർ സദസ്സിലിരിക്കുന്നവർക്കു കാഴ്ചവസ്തുക്കൾ പോലെയാകുന്നതെന്തിന്? വേദിയിലിരുന്ന് ചിലർ അന്യോന്യം അടക്കം പറയും, അപൂർവ്വമായെങ്കിലും ചിലർ ഉറക്കം തൂങ്ങും. ഇതൊക്കെ ശ്രോതാക്കളുടെ ശ്രദ്ധയെ അപഹരിക്കയും, ചിലരിൽ അസഹിഷ്ണുത ഉളവാക്കുകയും ചെയ്യും. ഏറെ മാനം പ്രതീക്ഷിച്ച് മുഖ്യാസനങ്ങളിൽ ഇരുന്നിട്ടു വിപരീത ഫലമുണ്ടാകുന്നതു കഷ്ടമല്ലേ?*

*പാർട്ടിയിലെ പദവിയുടെ ക്രമമനുസരിച്ച് സമ്മേളന വേദികളിൽ പീഠമൊരുക്കുന്ന രാഷ്ട്രീയക്കാരുടെ രീതിപോലെ ദൈവമക്കളുടെ ചില വേദികളിലും കണ്ടുവരുന്നുണ്ട്. ഇരിക്കുന്നവർക്കത് അഭിമാനമായി തോന്നാമെങ്കിലും വേദിയിലെ തിരക്ക് അധികമാകുമ്പോൾ പൊതുജനത്തിനത് അപഹാസ്യമായി തോന്നാം.*

*യേശുവിന്റെ പ്രസംഗങ്ങൾ പ്രസംഗപീഠങ്ങളില്ലാത്ത മലമുകളിലും കടൽത്തീരത്തും മറ്റുമായിരുന്നതിനാൽ ശിഷ്യന്മാരുടെയിടയിൽ ഇത്തരമൊരു പ്രലോഭനമുണ്ടായിക്കാണില്ല. എന്നാൽ ദൈവരാജ്യത്തിൽ ഇടത്തും വലത്തും ഇരിക്കുന്നത് ആരാണെന്നതിനെക്കുറിച്ച് അവർ ചിന്തിച്ചു വശായി എന്നല്ലേ കാണുന്നത്. മുഖ്യാസനങ്ങൾക്കായുള്ള ആഗ്രഹം മനുഷ്യസഹജമാണ്, എന്നാൽ പിശാച് ദൈവമക്കൾക്കെതിരായി ഇതിനെ ഫലപ്രദമായ ആയുധമാക്കുന്നു എന്നതാണ് അപകടം.*

*ക്ഷണിക്കപ്പെട്ടവർ പ്രധാന സ്ഥാനങ്ങളെ തിരഞ്ഞെടുക്കാൻ ബദ്ധപ്പെടുന്നതു കണ്ടിട്ട് യേശു നല്കിയ ഉപദേശം പ്രാവർത്തികമാക്കുന്നത് ഇന്നും ആവശ്യം തന്നെ. ആർക്കെങ്കിലും മറ്റുള്ളവരെക്കാൾ ചെറുതാണ് തങ്ങളെന്നു സ്വയം തോന്നുന്നുവെങ്കിൽ കർത്താവിന്റെ പഠിപ്പിക്കലുകൾ അവരുടെ സ്വഭാവത്തെ സ്വാധീനിക്കുന്നു എന്നും അവർ ആത്മികമായി വളർന്നു തുടങ്ങിയെന്നും സാരം.*



ഡേവിഡ് വിൽക്കേഴ്സൺ

# വിശുദ്ധിയിലേക്ക് നടത്തേണ്ട ഇടയന്മാർ...

***'എന്റെ മേച്ചിൽപ്പുറത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയന്മാർക്ക് അയ്യോ കഷ്ടം! നിങ്ങൾ എന്റെ ആട്ടിൻകൂട്ടത്തെ ചിതറിച്ചുകളഞ്ഞു, അവയെ ഓടിച്ചുകളഞ്ഞു, അവയെ പരിപാലിക്കാതെ ഇരുന്നു... (യിരെമ്യാവ് 23:1).***

ദൈവജനത്തെ നയിക്കാൻ വിളിക്കപ്പെട്ടവരുടെ അഭക്തി നിമിത്തം യിരെമ്യാവിന്റെ ഹൃദയം തകർന്നു. അക്കാലത്തെ ശുശ്രൂഷകരുടെ ഇടയിൽ ഉണ്ടായിരുന്ന പാപം അവനെ തകർത്തു, വീഞ്ഞു കുടിച്ച ഒരു മനുഷ്യനെപ്പോലെ മനോവേദനയോടെ ദൈവാത്മാവിൽ വിളിച്ചു പറഞ്ഞതാണ് മേലുദ്ധരിച്ച തിരുവെഴുത്ത്.

ദൈവജനം ദുഷ്ടത നിറഞ്ഞ വഴിയിലേക്ക് നീങ്ങിയിരുന്നു, അവർ ആത്മീയമായി വരണ്ടവരും വിഷാദമുള്ളവരുമായിരുന്നു. എന്നിട്ടും ഇടയന്മാർക്ക് അവരോട് ഒരു കരുണയും തോന്നിയില്ല. ശത്രുസൈന്യം സമീപിക്കുമ്പോൾ സമാധാനത്തിന്റെയും സമൃദ്ധിയുടെയും സന്ദേശം അന്ധരായ ഈ ഇടയന്മാർ പ്രസംഗിച്ചുകൊണ്ടിരുന്നു. പാപം ചെയ്താലും അനുതപിച്ചില്ലെങ്കിലും ഒരു ദോഷവും ഭവിക്കില്ല എന്നുപറഞ്ഞ് അവർ ദുഷ്ടത ചെയ്യുവാൻ ധൈര്യപ്പെടുത്തി. സ്വാർത്ഥരായ ഇടയന്മാരും പുരോഹിതന്മാരും പ്രവാചകന്മാരും പാപത്തിനെതിരെ പ്രസംഗിക്കുകയോ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയോ ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് യിരെമ്യാവിന് അറിയാമായിരുന്നു. കാരണം അതേ പാപങ്ങളാൽ അവർ ബന്ധിതരായിരുന്നു.

ഇടയന്മാർ പ്രാർത്ഥനാശീലരും വിശുദ്ധരും പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്നവരും ആയിരുന്നെങ്കിൽ... ന്യായവിധിയുടെ ഇടിമുഴക്കം അവർ കേൾക്കുമായിരുന്നു. അവർ ഉണർന്നിരുന്ന് തങ്ങളുടെ വിചാരണയിലുള്ള ദൈവജനത്തെ ഉണർത്തുമായിരുന്നു. എന്നാൽ ദൈവം അരുളിച്ചെയ്തത്: 'ഞാൻ ഈ പ്രവാചകന്മാരെ അയച്ചില്ല, പക്ഷേ അവർ ഓടി. ഞാൻ അവരോട് സംസാരിച്ചില്ല, പക്ഷേ അവർ പ്രവചിച്ചു. എന്നാൽ അവർ എന്റെ ആലോചനാസഭയിൽ നിന്നിരുന്നെങ്കിൽ, അവർ എന്റെ വാക്കുകൾ എന്റെ ജനത്തോട് പ്രഖ്യാപിക്കുകയും അവരുടെ ദുഷ്ടവഴിയിൽ നിന്നും അവരുടെ

പ്രവൃത്തികളുടെ ദുഷ്ടതയിൽ നിന്നും അവരെ പിന്തിരിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇന്ന് നമ്മുടെ പ്രസംഗപീഠങ്ങളിലും ഇത്തരം സ്വപ്നക്കാരും തന്ത്രശാലികളും ധാരാളം ഉണ്ട്. 'എനിക്ക് ദൈവത്തിന്റെ അരുളപ്പാടുണ്ടന്ന്' പറയുന്ന വ്യാജപ്രവാചകന്മാർ.

സ്വാർത്ഥരായ ഇടയന്മാർ ദൈവജനത്തിന്റെ പിന്മാറ്റത്തിന് കാരണമായിരുന്നു. ദൈവജനം ഇത്രയധികം പിന്മാറ്റത്തിലേക്ക് വീണത് എന്തുകൊണ്ടാണെന്ന് യിരെമ്യാവിന്റെ മനസ്സിൽ ഒരു സംശയവുമില്ലായിരുന്നു. യിരെമ്യാവിന്റെ കാലത്ത് ദൈവജനം നഷ്ടപ്പെട്ട ആടുകളായി മാറിയിരുന്നു; അവരുടെ ഇടയന്മാർ അവരെ വഴിതെറ്റിച്ചുകളഞ്ഞു. ദൈവസഭയിലെ ഇന്നത്തെ അവസ്ഥയുടെ ഒരു ചിത്രമാണിത്. അനേകം വിശ്വാസികൾ പിന്മാറ്റത്തിലേക്ക് നീങ്ങുന്നു. അവർ വഴിതെറ്റിപ്പോയിരിക്കുന്നു, അതവർ അറിയുന്നില്ല. നരകശക്തികൾ അവരെ ആക്രമിക്കുന്നു, അവരുടെ വിശ്വാസം കൊള്ളയടിക്കുന്നു, അവരുടെ കുട്ടികളെ ആശയക്കുഴപ്പത്തിലാക്കുന്നു, കുടുംബങ്ങളിലും സഭയിലും ആശയക്കുഴപ്പവും ഭിന്നതയും കൊണ്ടുവരുന്നു. പാപങ്ങളെക്കുറിച്ച് ആളുകൾ അനുതാപത്തോടെ ദൈവത്തിങ്കലേക്കു മടങ്ങിവരുന്നത് അന്യമായിരിക്കുന്നു. പാപബോധം നിമിത്തം ഹൃദയം തകർന്ന് മാനസാന്തരത്തിലേക്കു നയിക്കുന്ന സന്ദേശങ്ങൾ ലഭിക്കുന്നില്ല. സത്യത്തിന്റെ പാതകളെക്കുറിച്ച് അവർക്ക് പരിചയവുമില്ല.

തന്റെ ജനത്തിന്റെവിശ്വാസത്യാഗത്തിന് ദൈവം സ്വാർത്ഥരായ ഇടയന്മാരെ കുറ്റപ്പെടുത്തുന്നു. അവരുടെ ഇടയന്മാർ അവരെ വഴിതെറ്റിച്ചുകളഞ്ഞു. ഈ പൊള്ളുന്ന ആരോപണത്തിൽ നിന്ന് സ്വാർത്ഥരായ ഇടയന്മാർക്ക് ഒഴിഞ്ഞുമാറുക അസാധ്യമാണ്. ദൈവജനത്തിനിടയിൽ യെശയ്യാവ് ഒരു ഭയാനക കാഴ്ച കണ്ടു. ആട്ടിൻകൂട്ടത്തെ ആക്രമിച്ച് നാശം വിതയ്ക്കുന്ന പൈശാചിക ശക്തികൾ. മതിലുകളില്ല, കരുതലുള്ള ഇടയന്മാരില്ല, അരുത് എന്ന് പറയാൻ ആരുമില്ല! (യെശയ്യാവ് 56:10). നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ട് സാത്താന്യശക്തികൾ ചുറ്റിനടക്കുന്നു. എന്തുകൊണ്ട്? കാരണം ഇടയന്മാർ അന്ധരായി! കാവൽക്കാർ സ്വപ്നം കാണുകയും സ്വന്തം അത്യാഗ്രഹപദ്ധതികൾ പിന്തുടരുകയും ചെയ്തു. ജനം സാത്താനാൽ തകർക്കപ്പെട്ടപ്പോൾ ഇടയന്മാർ എവിടെയായിരുന്നു? ദൈവജനത്തിനിടയിലെ ആശയക്കുഴപ്പത്തിനും നിസ്സഹായതയ്ക്കും കാരണം അത്യാഗ്രഹികളും സ്വാർത്ഥരുമായ ഇടയന്മാരാണെന്ന ഭയാനകമായ സത്യം യെഹെസ്കേൽ സ്ഥിരീകരിച്ചു. 'ഇടയനില്ലാത്തതിനാൽ അവ ചിതറിപ്പോയി; വയലിലെ സകലമൃഗങ്ങൾക്കും അവ ഭക്ഷണമായിത്തീർന്നു. എന്റെ ആട്ടിൻകൂട്ടം എല്ലാ മലകളിലും ഉയർന്ന കുന്നുകളിലും അലഞ്ഞുനടന്നു. അതിനാൽ, ഇടയന്മാരേ, കർത്താവിന്റെ വചനം കേൾക്കുവിൻ: എന്നാണ, എന്റെ ആട്ടിൻകൂട്ടം ഇരയായിപ്പോയതിനാൽ, അവർക്ക് ഇടയനില്ലാത്തതിനാൽ, വയലിലെ സകലമൃഗങ്ങൾക്കും ഭക്ഷണമായിത്തീർന്നിരിക്കുന്നു. എന്റെ ഇടയന്മാർ എന്റെ ആട്ടിൻകൂട്ടത്തെ അന്വേഷിച്ചില്ല, മറിച്ച് ഇടയന്മാർ സ്വയം മേഞ്ഞതല്ലാതെ എന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചില്ല' (യെഹെസ്കേൽ 34:5 - 8).

ഇന്നും അങ്ങനെ തന്നെ! ദൈവജനത്തെ വിശുദ്ധിയിലേക്ക് നയിക്കാൻ വിശുദ്ധരായ ഇടയന്മാരുടെ അഭാവം നിലനിൽക്കുന്നു. ഭക്തരുടെ നിലവിളി: എന്റെ ആത്മാവിനെ പോഷിപ്പിക്കാൻ ഒരു ദൈവഭക്തനായ ഇടയനെ എനിക്ക് എവിടെ കണ്ടെത്താനാകും എന്നുതന്നെയാണ്? ദൈവഭക്തനായ ഒരു ഇടയനെ ലഭിച്ചിട്ടുള്ളവർ വളരെ നന്ദിയുള്ളവരായിരിക്കണം. ദൈവം യെഹെസ്കേലിനോട് യിസ്രായേലിന്റെ ഇടയന്മാർക്കെതിരെ പ്രവചിക്കാൻ കല്പിച്ചു. തങ്ങളെത്തന്നെ മേയിക്കുന്ന യിസ്രായേലിന്റെ ഇടയന്മാരേ, കഷ്ടം! ഇടയന്മാർ ആടുകളെ മേയിക്കേണ്ടതല്ലയോ? നിങ്ങൾ മേദസ്സു തിന്നുകയും രോമം ഉടുക്കുകയും ചെയ്യുന്നു, ആടുകളെ മേയിക്കാതെ, തടിച്ച ആടുകളെ അറുക്കുന്നു. ആത്മീയശുശ്രൂഷയെ കച്ചവടമാക്കുന്ന ഇടയന്മാർ ആടുകളെ മേയ്ക്കുന്നതിലൂടെ തടിച്ചുകൊഴുക്കുകയും സമ്പന്നരാകുകയും ചെയ്യുന്ന രീതിയെ പ്രവാചകൻ ശക്തമായി അപലപിച്ചു.

ശാഠ്യക്കാരും ജഡികരുമായ ക്രിസ്ത്യാനികളെ അവരുടെ ദുശ്ശാഠ്യമുള്ള വഴികളിൽ പോകാൻ പ്രോത്സാഹിപ്പിക്കുന്ന വ്യാജ ഇടയന്മാരുടെ അത്യാഗ്രഹം, സ്വാർത്ഥത, വ്യാജ സമാധാന പ്രസംഗം, ശുശ്രൂഷക്കരുടെ അഹങ്കാരം എന്നിവയെ ദൈവം ന്യായം വിധിക്കാതിരിക്കില്ല. ജഡത്തെ തൃപ്തിപ്പെടുത്തുന്ന ശുശ്രൂഷകളെയും ഇടയന്മാരെയും അവസാനിപ്പിക്കാൻ സമയം അടുത്തിരിക്കുന്നു. ആടുകളെ വഞ്ചിച്ചുകൊണ്ട് സ്വയം മേയു

ന്ന ഇടയന്മാരിൽ നിന്നും ശുശ്രൂഷകളിൽ നിന്നും അവരെ നീക്കിക്കളയുമെന്ന് ദൈവം വ്യക്തമാക്കിയിട്ടുണ്ട്. 'യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ ഇടയന്മാർക്കെതിരാണ്, എന്റെ ആടുകളെ ഞാൻ അവരിൽ നിന്ന് വിടുവിക്കുകയും എന്റെ ആടുകളെ മേയിക്കുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യും. അങ്ങനെ ഇടയന്മാർ ഇനി സ്വയം മേയുകയില്ല, എന്നാൽ എന്റെ ആടുകൾ അവർക്ക് ഭക്ഷണമാകാതിരിക്കാൻ ഞാൻ അവരുടെ വായിൽ നിന്ന് ആടുകളെ വിടുവിക്കും' (യെഹെസ്കേൽ 34:10 ).

ഈ സാഹചര്യത്തിൽ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള വിശുദ്ധരായ ഇടയന്മാരുടെ ആവശ്യം അനിവാര്യമാകുന്നു. കാരണം കർത്താവിന്റെ ജനം പിന്മാറ്റത്തിലേക്ക് നീങ്ങുകയാണ്. അവരെ വചനത്തിലൂടെ മേയിക്കുവാൻ ഇടയന്മാർ ഇല്ലെങ്കിൽ അവർ നിരന്തരം ലോകമോഹങ്ങളിലേക്കും ദുഷ്ടതയിലേക്കും തിരിയും. ദൈവം സ്വാർത്ഥരായ ഇടയന്മാരെ ന്യായം വിധിക്കുമ്പോൾ, തന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാരെ എഴുന്നേൽപ്പിക്കുന്നു. അത്യാഗ്രഹികളും അഴിമതിക്കാരുമായ ഇടയന്മാരെയും ശുശ്രൂഷകളെയും താഴെയിറക്കുമെന്ന് പറഞ്ഞ അതേ പ്രവാചകന്മാർ, ആട്ടിൻകൂട്ടത്തെ നീതിയിൽ മേയിക്കുന്ന ഇടയന്മാരെ എഴുന്നേൽപ്പിക്കുന്നതിനെക്കുറിച്ചും പ്രവചിച്ചു. (യിരെമ്യാവ് 3:15 ). ദൈവജനം അവരുടെ ഹൃദയത്തിലെ എല്ലാ വിഗ്രഹങ്ങളെയും നീക്കം ചെയ്യുമ്പോൾ, പരിശുദ്ധാത്മാവ് വിശുദ്ധിയിലേക്കും നിർമ്മലതയിലേക്കും ഉത്തേജിപ്പിക്കുമ്പോൾ, ഹൃദയങ്ങൾ സത്യത്തിനും യാഥാർത്ഥ്യത്തിനും വേണ്ടി അതിയായി ദാഹിക്കുമ്പോൾ ദൈവം അവർക്ക് ഒരു പുതിയ ഹൃദയം നൽകും. അവർ ഇനി പ്രകാശമില്ലാത്തവരും വിഡ്ഢികളുമായ ഇടയന്മാരുടെ കീഴിൽ ഇരിക്കുന്നതിൽ തൃപ്തരാകില്ല. ഏത് ഇടയന്മാരാണ് സത്യമെന്നും വ്യാജമെന്നും അവർ വേഗത്തിൽ മനസ്സിലാക്കും. അവരുടെ ആത്മാവിനെ പഥ്യവചനത്താൽ പോഷിപ്പിക്കുന്ന ഒരു യഥാർത്ഥ ഇടയന്റെ ആട്ടിൻകൂട്ടത്തിലേക്ക് അവരെ നയിക്കും.

ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവരും സ്പർശിക്കപ്പെട്ടവരുമായ യഥാർത്ഥ ഇടയന്മാർ നിരവധി പരീക്ഷണങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. കഷ്ടങ്ങളാൽ അനുസരണം പഠിച്ച ഇങ്ങനെയുള്ള ഇടയന്മാരുടെ കീഴിൽ വിശ്വാസികൾ ക്രിസ്തുവിൽ വളരുന്നു; ഒത്തുതീർപ്പിനു വഴങ്ങാത്ത, ആട്ടിൻകൂട്ടത്തെക്കുറിച്ച് വേണ്ടത്ര കരുതലുള്ളവരും, അവരുടെ പാപങ്ങൾ വെളിപ്പെടുത്തി മാനസാന്തരത്തിലേക്കും തദ്വാരാ ജീവങ്കലേക്കും നടത്തുന്നവരാണ് യഥാർത്ഥ ഇടയന്മാർ. തുലോം ചുരുക്കവും അപ്രശസ്തരും ആയിരിക്കും എങ്കിലും ഇത്തരം ഇടയന്മാർ ഇന്നും ശേഷിക്കുന്നു. •

## സർവ്വേശ്വരന്റെ ഒരു പ്രായോഗിക ഫലിതം

18-ാം നൂറ്റാണ്ടിലെ ഫ്രഞ്ച് ചരിത്രകാരനും അവിശ്വാസിയുമായിരുന്ന വോൾട്ടെയർ പ്രവചിച്ചു, "സമീപ ഭാവിയിൽ മനുഷ്യൻ മൂഢവിശ്വാസങ്ങളെ ത്യജിക്കയും ബൈബിൾ കാഴ്ചബംഗ്ലാവുകളിൽ പ്രദർശനത്തിനു വെക്കുന്ന കൗതുകമുണർത്തുന്ന ഒരു പുരാവസ്തു മാത്രമായി അവശേഷിക്കുകയും ചെയ്യും" 1850 ആകുമ്പോഴേക്കും ബൈബിൾ ദുർലഭമാകുമെന്നും അദ്ദേഹം പ്രവചിച്ചു. എന്നാൽ വോൾട്ടെയറിന്റെ മരണശേഷം അദ്ദേഹത്തിന്റെ കൊട്ടാരസദൃശ്യമായ ഭവനം സ്വിസ്സ് ബൈബിൾ സൊസൈറ്റി വാങ്ങി അവരുടെ ഗോഡൗണായി ഇന്നും ഉപയോഗിക്കുന്നു. വോൾട്ടെയറിന്റെ ജനീവയിലെ അച്ചടിശാല ബൈബിൾ അച്ചടിക്കുന്ന ശാലയായി മാറി. അവിടെ അനേകം ബൈബിൾപ്രതികൾ അടുക്കി സൂക്ഷിക്കയും വിതരണം നടത്തുകയും ചെയ്യുന്നു. ഇത് ലോകത്തിന് ഒരു സാക്ഷ്യമായി നിലനിൽക്കുന്നു.

ബൈബിൾ അധികം താമസിയാതെ പുരാവസ്തു ആകുമെന്ന് പറഞ്ഞ ഡേവിഡ് ഹ്യൂം എന്ന പരിഹാസിയുടെ ഭവനം ഇന്ന് എഡിൻബറോ ബൈബിൾ സൊസൈറ്റിയുടെ ആസ്ഥാനമാണ്. ദൈവദൃഷ്ടിയിൽ മനുഷ്യന്റെ ജ്ഞാനം വെറും ഭോഷത്വമാണെന്ന് ഉച്ചൈസ്ഥരം വിളിച്ചറിയിച്ചുകൊണ്ട് അവസാനം ചിരിക്കുന്നവൻ ദൈവമാകുന്നു.

# പ്രത്യേക അറിയിപ്പ്


**2026 ജനുവരി മുതൽ നേർവീഥി മാസിക തപാലിൽ അത്യാവശ്യക്കാർക്കു മാത്രം.**

ഭാരതീയ തപാൽ വകുപ്പ് നേർവീഥി മാസികയ്ക്കു നൽകി വന്നിരുന്ന തപാലാനുകൂല്യം 2026 ജനുവരി മുതൽ നിർത്തലാക്കുകയാണ്. ആയതിനാൽ തപാൽ ചിലവ് നിലവിലുള്ളതിന്റെ എട്ട് ഇരട്ടിയായി വർദ്ധിക്കുന്നു. മാത്രവുമല്ല മറ്റു പ്രസിദ്ധീകരണച്ചിലവുകളും ക്രമാതീതമായി വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നേർവീഥി ഓൺലൈനിലൂടെ 'ഇ-മാസിക'യായി തുടർന്ന് പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. പ്രിന്റഡ്കോപ്പി അത്യാവശ്യമായി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ ഉടൻതന്നെ താഴെ പറയുന്ന ഏതെങ്കിലും നമ്പറുകളിൽ വിളിക്കുക. പലരും ഇതിനോടകം മാസിക തുടർന്നും ആവശ്യമെന്ന് അറിയിച്ചു കഴിഞ്ഞു. വിളിക്കുമ്പോൾ പേരും മേൽവിലാസവും, റാപ്പറിലുള്ള ID നമ്പറും പറയുവാൻ ശ്രദ്ധിക്കുമല്ലോ. അപ്രകാരം ആവശ്യപ്പെടുന്നവർക്കു മാത്രം തപാലിൽ അയച്ചുകൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. മാസികയുടെ pdf ആവശ്യമുള്ളവർ അവരുടെ ഇമെയിൽ- id നൽകിയാൽ ക്രമമായി അയയ്ക്കുന്നതായിരിക്കും. കൂടാതെ ഞങ്ങളുടെ വെബ്സൈറ്റിലും ലഭ്യമായിരിക്കും.

www.nerveedhi.com
e-mail:editornerveedhi@gmail.com
എഡിറ്റർ : 9495213269
സബ്എഡിറ്റർ : 9946715788
മാനേജർ : 9495435336

**Office WhatsApp No.**
**85 89 81 92 93**





ഡോ. സുജിത്ത് സൈമൺ

# കുടുംബവും വിവാഹമോചനവും

കുടുംബം മനുഷ്യജീവിതത്തിന്റെ ഏറ്റവും വിലപ്പെട്ട സാമൂഹികഘടകമാണ്. സ്നേഹവും വിശ്വാസവും ആത്മാർത്ഥതയും ചേർന്നുള്ള ബന്ധമാണ് ഒരു കുടുംബത്തെ ഉറപ്പിച്ചു നിർത്തുന്നത്. ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം ഒരു കരാർമാത്രമല്ല, മറിച്ച് ദൈവം സ്ഥാപിച്ച പവിത്ര ബന്ധവും ആത്മീയ ഉടമ്പടിയുമാണ്(ഉത്പത്തി 2:24). കുടുംബം സ്നേഹത്തിന്റെ, സഹനത്തിന്റെ, ക്ഷമയുടെ, ബലിയർപ്പണത്തിന്റെ പാഠശാലയാണ്. എന്നാൽ ഇന്ന് കുടുംബബന്ധങ്ങൾ ദുർബലമാകുകയാണ്. ജീവിതത്തിലെ തിരക്കുകൾ, ആശയവിനിമയത്തിലെ കുറവ്, സാമ്പത്തികസമ്മർദ്ദങ്ങൾ, ജോലിസമ്മർദ്ദം,സ്വാർത്ഥത, സോഷ്യൽ മീഡിയയുടെ സ്വാധീനം, വിശ്വാസ ലംഘനം, അന്യബന്ധം, മദ്യപാനം, ലഹരി ഉപയോഗം, മാനസികാരോഗ്യപ്രശ്നങ്ങൾ, സ്വഭാവവ്യത്യാസം, ക്രോധപ്രകടനം, വരുമാന അസമത്വം, കടങ്ങൾ, ധനകാര്യ നിയന്ത്രണത്തിലെ അഭിപ്രായവ്യത്യാസം, ബന്ധുക്കളുടെ ഇടപെടൽ, കുട്ടികളുടെ വളർച്ചാപ്രശ്നങ്ങൾ, കുടുംബജീവിതത്തിൽ പ്രതീക്ഷകളുടെ തകർച്ച, വിദേശജീവിതം, പരസ്പര ബഹുമാനത്തിന്റെ അഭാവം തുടങ്ങിയവ ബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുന്നു

ഈ പ്രശ്നങ്ങളുടെ അവസാനഫലമായി അനേകം കുടുംബങ്ങൾ വിവാഹമോചനം (Divorce) എന്ന വേദനയിലേക്ക് നീങ്ങുന്നു. വിവാഹമോചനം നിയമപരമായ വേർപാടായിരുന്നാലും, അതിന്റെ മാനസികവും ആത്മീയവുമായ വേദന വളരെ ആഴത്തിൽ ബാധിക്കുന്നു. ഭർത്താവിനെയും ഭാര്യയെയും മാത്രമല്ല, മക്കളെയും സമൂഹത്തെയും അതിന്റെ പ്രതിഫലനം ബാധിക്കുന്നു. വിവാഹമോചന നിരക്ക് കേരളത്തിൽ ഇന്ത്യയിലെ ഏറ്റവും ഉയർന്നതിൽ ഒന്നാണ്. 2023-2025 ൽ കേരളത്തിൽ പ്രതിദിനം ശരാശരി 75 മുതൽ 80 വിവാഹമോചനം കോടതികളിൽ ഫയൽ ചെയ്യപ്പെടുന്നു. 2016 ൽ ഏകദേശം 19,000 കേസുകൾ ഉണ്ടായപ്പോൾ, 2022 ൽ അത് 26,900 കേസുകളായി വർദ്ധിച്ചു. (40% വർധനവ്) മൂന്നിലൊന്ന് വിവാഹങ്ങൾ വേർപാടിലേക്കു നീങ്ങുന്നു.

***പ്രധാന കാരണങ്ങൾ***

1. **ആശയവിനിമയത്തിലെ കുറവ്**

പരസ്പരം തുറന്ന മനസ്സോടെ സംസാരിക്കാതിരിക്കുന്നത് ബന്ധം ദുർബലമാക്കുന്നു. തുറന്ന ആശയവിനിമയം (Open Communication) പങ്കാളിയുമായി എല്ലാ കാര്യങ്ങളെക്കുറിച്ചും തുറന്ന് സംസാരിക്കുക. ഭർത്താവും ഭാര്യയും അവരുടെ വികാരങ്ങൾ പരസ്പരം പങ്കിടണം. ബന്ധത്തിന്റെ അടിത്തറ വിശ്വാസമാണ്. ഒരാൾ മറ്റൊരാളിൽ സുരക്ഷിതത്വം അനുഭവിക്കണം. പിഴവുകൾ മനുഷ്യസ്വഭാവമാണ്. ക്ഷമിച്ച് മുന്നോട്ട് പോകാൻ ശീലിക്കണം. പ്രശ്നങ്ങൾ ഉള്ളിൽ വെക്കാതെ ചർച്ച ചെയ്യുക. പങ്കാളിയുടെ അഭിപ്രായങ്ങളെയും വ്യക്തിത്വത്തെയും ബഹുമാനിക്കുക(Respect). എല്ലാ കാര്യങ്ങളിലും സ്വന്തനിലപാടിൽ ഉറച്ചുനിൽക്കാതെ വിട്ടുവീഴ്ച മനോഭാവം (Compromise) കാണിക്കുക. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ ശരിയായ രീതിയിൽ സംസാരിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കുക. അനാവശ്യമായ വഴക്കുകൾ ഒഴിവാക്കുക. സംശയങ്ങൾ ഒഴിവാക്കുകയും പരസ്പര വിശ്വാസം (Build Trust) വർദ്ധിപ്പിക്കുകയും ചെയ്യുക. കുറ്റപ്പെടുത്തൽ ഒഴിവാക്കി അവരവർ അനുഭവിക്കുന്ന ഹൃദയവേദന സ്നേഹത്തിൽ സംസാരിക്കുവാൻ പഠിക്കുക. പ്രശ്നങ്ങൾ അടിച്ചമർത്താതെ സമയത്ത് പരിഹരിക്കുക.

ചെറിയ കാര്യങ്ങളിൽ നന്ദി പ്രകടിപ്പിക്കുക, സ്നേഹപൂർവ്വമായ വാക്കുകൾ പറയുക. മാറ്റങ്ങൾ ഉൾക്കൊള്ളുക. കാലത്തിനനുസരിച്ച് വരുന്ന മാറ്റങ്ങളെയും പങ്കാളിയുടെ ആവശ്യങ്ങളെയും ഉൾക്കൊള്ളാൻ ശ്രമിക്കുക.

**2. സ്വാർത്ഥതയും അഭിമാനവും**

എന്റെ അഭിപ്രായം മാത്രമേ ശരിയാകൂ എന്ന മനോഭാവം കുടുംബത്തെ തകർക്കും. ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ജീവിതരീതികളിൽ ചില മാറ്റങ്ങൾ അനിവാര്യമാണ്. ജീവിതപങ്കാളിയുമായി ഏറെക്കാലം വേർപെട്ട് ജീവിക്കുക, പങ്കാളിക്ക് നൽകുന്നതിനേക്കാൾ പരിഗണന സുഹൃത്തുക്കൾക്ക് നൽകുക, അവഗണന എന്നിവയൊക്കെ പ്രശ്നങ്ങൾക്കിടയാക്കും. ഇതൊക്കെ അറിഞ്ഞോ അറിയാതെയോ സംഭവിക്കുന്നവയാകും. ഇത്തരം അനാരോഗ്യകരമായ രീതികൾ ഒഴിവാക്കുന്നത് കുടുംബജീവിതവിജയത്തിന് അത്യന്താപേക്ഷിതമാണ്.

**3. സ്വന്തം തെറ്റുകളെ തിരിച്ചറിയുക**

ആരും പൂർണ്ണരല്ല എന്നതാണ് ആദ്യം തിരിച്ചറിയേണ്ടത്. സ്വന്തം തെറ്റുകൾ തിരിച്ചറിയാനും അവ സമ്മതിക്കാനുമുള്ള മനസ്സ് പ്രധാനമാണ്. തുണയുടെ കുറ്റങ്ങളും കുറവുകളും ഗവേഷണം നടത്തി കണ്ടെത്താൻ നിൽക്കാതെ സ്വന്തം തെറ്റുകൾ കണ്ടെത്താൻ ശ്രമിച്ചാൽ അത് സ്വയം നന്നാകാൻ ഉപകരിക്കും. പ്രശ്നങ്ങൾ പരിഹരിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ അതിനാദ്യം വേണ്ടത് ഭാര്യ അല്ലെങ്കിൽ ഭർത്താവ് ചെയ്ത തെറ്റുകൾ പൂർണ്ണമായും ക്ഷമിക്കുകയാണ്. ക്ഷമിച്ചു എന്ന വാക്കല്ല ആത്മാർത്ഥമായ സമീപനമാണ് വേണ്ടത്. ക്ഷമിച്ചു എന്നുപറയുകയും പഴയ കാര്യങ്ങൾ മനസ്സിൽ കൊണ്ടുനടക്കുകയും ചെയ്യുന്നത് ബന്ധം നിലനിർത്താൻ സഹായിക്കില്ല.

**4. മുൻകാലദുരനുഭവമോർത്തുള്ള വ്യാകുലം**

നല്ല ദാമ്പത്യബന്ധങ്ങൾ തകർന്നടിയുന്നതിന് പിന്നിലെ ഒരു പ്രധാന കാരണം പങ്കാളികളിൽ ഒരാൾ ഇപ്പോഴും അവരുടെ മുൻകാലങ്ങളിലെ വീഴ്ചകളെ ഓർത്ത് വ്യാകുലപ്പെടുന്നു എന്നതാണ്. ജീവിതത്തിൽ ഉണ്ടായ പഴയകാല അനുഭവങ്ങൾ ഒരുപക്ഷേ ഏറ്റവുമധികം വേട്ടയാടിയേക്കാം. ഇത്തരമൊരു സാഹചര്യത്തിൽ പങ്കാളി നിങ്ങൾക്കായി നൽകുന്ന സ്നേഹം സ്വീകരിക്കാനോ അതിൽ വിശ്വാസമർപ്പിക്കാനോ നിങ്ങൾക്ക് കഴിയാതെ വരുന്നു..

**5. കുടുംബത്തേക്കാൾ മുൻഗണന?**

പണം സംബന്ധിച്ച തർക്കങ്ങൾ ദമ്പതികളുടെ ബന്ധത്തിൽ വലിയ സമ്മർദ്ദം സൃഷ്ടിക്കുന്നു. കരിയറിൽ നല്ലരീതിയിൽ ഉയർച്ചകൾ ഉണ്ടാകുന്നുണ്ടെങ്കിലും ചിലപ്പോൾ ദാമ്പത്യജീവിതം അത്ര സുഖകരമായി ഭവിക്കണമെന്നില്ല. തൊഴിലിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് പങ്കാളിയെ അവഗണിക്കരുത്. ജോലിയും കുടുംബബന്ധങ്ങളും ഒരുമിച്ച് കൊണ്ടുപോകേണ്ട ഒന്നാണെന്ന വസ്തുത ഇരുവരും തിരിച്ചറിയുകയും ഇവ രണ്ടും തമ്മിൽ സന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യേണ്ടതുണ്ട്. ഇത് ജോലിയിലും കുടുംബത്തിലും വിജയങ്ങൾ സമ്മാനിക്കുന്നു. ഇങ്ങനെയെങ്കിൽ ജീവിതത്തിൽ സ്നേഹവും സന്തോഷവും ഉണ്ടാവുക മാത്രമല്ല, അത് ആഘോഷിക്കാൻ പങ്കാളികൂടെ ഉണ്ടായിരിക്കുകയും ചെയ്യും.

**6. സന്തുഷ്ടരല്ല എന്ന തോന്നൽ**

പിരിയാനുള്ള ഏറ്റവും ലളിതമായ കാരണങ്ങളിലൊന്നാണ് ദാമ്പത്യജീവിതം സന്തോഷകരമല്ലെന്ന് വിശ്വസിക്കുന്നത്. അസന്തുഷ്ടിയുടെ യഥാർത്ഥ കാരണങ്ങൾ എന്താണെന്ന് കണ്ടെത്തി പങ്കാളിയുമായി ഇത് ചർച്ച ചെയ്യാനും അതിനുള്ള പരിഹാരം കണ്ടെത്താനുമാണ് ശ്രമിക്കേണ്ടത്. അതോടൊപ്പം ദാമ്പത്യബന്ധം മികച്ചതാക്കി മാറ്റാൻ പങ്കാളി നടത്തുന്ന ശ്രമങ്ങളെ അവഗണിക്കാതിരിക്കുക. പങ്കാളിയോടൊപ്പം ചേർന്നുള്ള ജീവിതത്തിൽ ഇനിയും ഒരുപാട് കാര്യങ്ങൾ സ്വായത്തമാക്കാനുണ്ടെന്നും, ഒരുപാട് സന്തോഷാനുഭവങ്ങൾ ഇനിയും ജീവിതത്തിലുണ്ടാകുമെന്നും മനസ്സിലാക്കുക.

**7. സ്നേഹം കുറഞ്ഞു പോവുക**

എല്ലാ ബന്ധങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാവുക സാധാരണമാണ്. നിസ്സാരമായ വാദങ്ങളുടെയും വിയോജിപ്പുകളുടെയും പേരിൽ പങ്കാളിയുമായുള്ള ബന്ധം വേർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ അവരോടുള്ള സ്നേഹക്കുറവിനെയാണ് വ്യക്തമാക്കുന്നത്. നിസ്സാര പ്രശ്നങ്ങളെ വേർതിരിച്ചറിയാനും പ്രശ്നത്തിന്റെ മൂലകാരണത്തെക്കുറിച്ച് ചർച്ച ചെയ്യാനും പരിഹാരം കണ്ടെത്താനും ഇരുപങ്കാളികളും പരിശ്രമിക്കേണ്ടതുണ്ട്. ഓരോ ദാമ്പത്യബന്ധവും ആരംഭിക്കുന്നത് ഏറ്റവും മനോഹരവും പ്രണയനിർഭരവും ആയിട്ടായിരിക്കും. എന്നാൽ കാലം കടന്നു പോകുന്നതിനനുസരിച്ച് ഉള്ളിലുള്ള പ്രണയം പതിയെ നിറംമങ്ങുന്നു. ഇത് എല്ലാവരും അംഗീകരിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. കാലം കടന്നു പോകുന്നതിനനുസരിച്ച് അപൂർണ്ണതകൾ ദൃശ്യമാകാൻ തുടങ്ങും. എന്നാലിവയെ ഉപേക്ഷയുടെ

കാരണമാക്കി മാറ്റാതെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് തിരിച്ചറിയാൻ ശ്രമിക്കുക. അതിനെ ഉൾക്കൊള്ളുകയും സ്വീകരിക്കുകയും ചെയ്യുക. പ്രണയപ്രകടനങ്ങളില്ലാത്ത ദാമ്പത്യജീവിതം വിരസമാണ്. തുണയോടുള്ള സ്നേഹവും, കരുതലും വെളിവാക്കുന്ന ചെറുസ്പർശനങ്ങൾപോലും വലിയ ഫലങ്ങൾ നല്കുന്നവയാണ്. ഇത് ബന്ധങ്ങളിൽ നഷ്ടപ്പെട്ടുപോയ മനോഹാരിതകളെല്ലാം തിരികെ കൊണ്ടുവരുമെന്ന് തീർച്ചയാണ്. മാത്രമല്ല ദാമ്പത്യബന്ധം കാലമത്രയും സംതൃപ്തമാക്കുകയും ചെയ്യുന്നു.

**8. സമയക്കുറവ്**

തിരക്കുകൾ കാരണം ഒരുമിച്ച് സമയം ചെലവഴിക്കാത്തത് ബന്ധങ്ങൾ തകർക്കുവാൻ കാരണമാകുന്നു. ഇത് ബന്ധങ്ങളിൽ ഏകാന്തത സൃഷ്ടിക്കുന്നു. തിരക്കുകൾ എത്രയുണ്ടെങ്കിലും കുടുംബത്തിനു വേണ്ടി അല്പസമയം മാറ്റി വയ്ക്കേണ്ടത് അത്യാവശ്യമാണ്. നാല്പതും, അമ്പതും വർഷത്തെ വിവാഹജീവിതം പൂർത്തിയാക്കിയവരോട് അതിന്റെ വിജയരഹസ്യം ചോദിച്ചു നോക്കുക. ഒരുമിച്ച് ജീവിക്കാൻ വേണ്ടി മനപ്പൂർവ്വം കണ്ടെത്തിയ സമയത്തെ പറ്റിയാണ് അവരെല്ലാം പറയുക. ജീവിതപങ്കാളിയോടൊപ്പം ചിലവഴിക്കുവാൻ സമയം കണ്ടെത്തിയാൽ മാത്രമേ വിവാഹജീവിതത്തിലും നേട്ടമുണ്ടാകൂ. അല്ലാത്ത പക്ഷം കുടുംബജീവിതത്തിന്റെ തുടക്കത്തിൽ ത്തന്നെ തകർച്ച തുടങ്ങും. ഭാര്യാഭർത്താക്കന്മാർ തനിച്ച് ചെലവഴിക്കാൻ അൽപസമയം കണ്ടെത്തുന്നത് ബന്ധത്തിന് പുതുജീവൻ നൽകാൻ സഹായിക്കുന്നതാണ്.

**വിവാഹമോചനത്തിന്റെ വിപത്തുകൾ**

പിരിയാൻ വളരെ എളുപ്പമാണ്. എന്നാൽ വിവാഹമോചനം പിന്നീട് നൽകുന്ന വിഷമതകൾ എത്രയോ വലുതായിരിക്കുമെന്നറിയാമോ? മുന്നോട്ടുള്ള ജീവിതയാത്രയിൽ ഇത് സങ്കടക്കടലിലേക്ക് തള്ളിയിടുന്നു. അതിൽ നിന്നും കരകയറുന്നത് ഏറ്റവും ദുർഘടമായിരിക്കും. മാനസിക വേദനയും കുറ്റബോധവും ഇരുവരിലും ഉണ്ടാകുന്നു. മക്കളിൽ അസ്വസ്ഥതയുംഅരക്ഷിതാവസ്ഥയും വർദ്ധിക്കുന്നു. പെരുമാറ്റ പ്രശ്നങ്ങൾ, ഭാവിയിൽ ബന്ധങ്ങൾക്കുള്ള ഭയം ഉണ്ടാക്കും. സമൂഹത്തിൽ ബന്ധങ്ങൾ തകരുന്നു, വിശ്വാസം കുറയുന്നു, ആത്മീയ ജീവിതം തളരുന്നു.

വിവാഹാനന്തരം ജീവിതപങ്കാളിയുമായി പ്രണയത്തിലാവുകയും, അവരോടൊപ്പം ജീവിതകാലമത്രയും ജീവിച്ചു തീർക്കുകയും ചെയ്യുമ്പോഴാണ്

**പിരിയാൻ വളരെ എളുപ്പമാണ്. എന്നാൽ വിവാഹമോചനം പിന്നീട് നൽകുന്ന വിഷമതകൾ എത്രയോ വലുതായിരിക്കുമെന്നറിയാമോ? മുന്നോട്ടുള്ള ജീവിതയാത്രയിൽ ഇത് സങ്കടക്കടലിലേക്ക് തള്ളിയിടുന്നു. അതിൽ നിന്നും കരകയറുന്നത് ഏറ്റവും ദുർഘടമായിരിക്കും. മാനസിക വേദനയും കുറ്റബോധവും ഇരുവരിലും ഉണ്ടാകുന്നു...**

നമുക്ക് വരദാനമായി ലഭിച്ച ഈ ചെറിയ ജീവിതം ഏറ്റവും അർത്ഥപൂർണ്ണവും അഴകുള്ളതുമായിത്തീരുന്നത് എന്ന യാഥാർത്ഥ്യം മനസ്സിലാക്കുക.

കുടുംബം ദൈവം തന്ന പവിത്രമായ അനുഗ്രഹമാണ്. ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധം ദൈവം ചേർത്തുവച്ചതിനാൽ, അത് വേർപെടുത്താൻ മനുഷ്യനു അധികാരമില്ല (മത്തായി 19:6). വിവാഹം ഒരു കരാർ മാത്രമല്ല, മറിച്ച് ദൈവസാന്നിധ്യത്തിൽ ഉണ്ടാകുന്ന ആത്മീയബന്ധമാണ്. ജീവിതത്തിൽ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും സ്വാഭാവികമാണ്. പക്ഷേ, അവ ബന്ധത്തെ തകർക്കാതെ, പരസ്പരം മനസ്സിലാക്കി ആത്മീയ വളർച്ചയ്ക്ക് വഴിയൊരുക്കേണ്ടതാണ്. ഇതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം കുടുംബകൗൺസലിംഗ് ആണ്. കുടുംബ കൗൺസലിംഗ് ദമ്പതികൾക്ക് പരസ്പരം കേൾക്കാനും, തങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാനും, പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരങ്ങൾ കണ്ടെത്താനും സഹായിക്കുന്നു. ഒരു കൗൺസലറുടെ മാർഗ്ഗനിർദ്ദേശം ബന്ധം വീണ്ടെടുക്കാനും പുന:സ്ഥാപിക്കാനും അത്യന്തം പ്രയോജനകരമാണ്.

ദൈവകേന്ദ്രീകൃതമായി ജീവിക്കുന്ന ഭവനങ്ങളിൽ ശാന്തിയും സ്നേഹവും നിറയും. അതിനാൽ, പ്രാർത്ഥനയോടൊപ്പം കൗൺസലിംഗ്, വിശ്വാസസമൂഹത്തിന്റെ പിന്തുണ, പരസ്പര ബഹുമാനം, ക്ഷമ, സ്നേഹം എന്നിവയും ബന്ധത്തെ ഉറപ്പിച്ചു നിർത്തുന്ന പ്രധാന ഘടകങ്ങളാണ്.






സുജ വിനു

# മരുഭൂമിയിലെ വശ്യശബ്ദം

***കർത്താവ് അവളോട്: മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. എന്നാൽ അല്പമേ വേണ്ടൂ; അല്ല, ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് ആരും അവളോട് അപഹരിക്കയുമില്ല (ലൂക്കോസ് 10:41,42)***

കർമ്മവ്യഗ്രതകളിൽ മുഴുകി കർതൃപാദത്തിൽ ഇരിക്കാൻ സമയം കണ്ടെത്താതിരിക്കുന്നവരോട് ക്രിസ്തു, മാർത്തയോട് പറഞ്ഞ ഈ വചനങ്ങൾ ഉപദേശിക്കാറുണ്ട്. അനാത്മീയമായ പങ്കപ്പാടുകളിൽ നിന്ന് വിമുക്തരാകുവാൻ കഴിയുമ്പോൾ പോലും, നാം സഹോദരിമാർ ശ്രദ്ധിക്കാതിരിക്കുന്ന, മനസ്സിലാക്കാതിരിക്കുന്ന ചില ആത്മീയ തിരക്കുകൾ ഉണ്ട്. പ്രാർത്ഥനായോഗങ്ങൾ, ഉപവാസ കൂട്ടായ്മ, കൺവൻഷനുകൾ, വീട്ടുകൂട്ടായ്മകൾ, ദൈവദാസന്മാരെ സൽക്കരിക്കൽ, രോഗീസന്ദർശനം ഇങ്ങനെയുള്ള കാര്യങ്ങളിൽ വ്യാപരിച്ച് വ്യക്തിപരമായ ക്രിസ്താനുഭവത്തെ അറിയാൻ കഴിയാതെ പോകുന്നവർ അനേകരാണ്. സഭാപരമെന്നും വിശ്വാസപരമെന്നും കരുതപ്പെടുന്ന ചടങ്ങുകൾക്കോ കൂട്ടംചേരലുകൾക്കോ ഉപരിയായി ദൈവാനുഭവത്തെക്കുറിച്ച് നൂറ്റാണ്ടുകൾക്ക് മുന്നേ ദൈവമക്കളോട് പങ്കുവെച്ച ഒരു സഹോദരിയെ നമുക്ക് പരിചയപ്പെടാം.

രാജാക്കന്മാർ ദേശങ്ങളെയും, പുരോഹിതന്മാർ ഹൃദയങ്ങളെയും ഭരിച്ചിരുന്ന പതിനേഴാം നൂറ്റാണ്ടിൽ മോണ്ടാഗസ് എന്ന ഫ്രഞ്ച് പട്ടണത്തിൽ പിറന്ന ജീൻമേരി എന്ന പെൺകുട്ടിയാണ് നമ്മുടെ കഥാനായിക. മതാധികാരവും, ചടങ്ങ് ആത്മീയതയും ശക്തമായി നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ അതിനെ വെല്ലുവിളിക്കുവാൻ ധൈര്യപ്പെട്ട അതുകൊണ്ടുതന്നെ വലിയ വില കൊടുക്കേണ്ടി വന്ന ജീൻമേരി, മാഡം ഗിയോൺ എന്ന പേരിൽ ലോകപ്രശസ്ത ആവുകയും, ഇന്നും നിലനിൽക്കുന്ന തന്റെ കുറിപ്പുകളിലൂടെയും പുസ്തകങ്ങളിലൂടെയും അനേകരെ 'ഹൃദയങ്ങളിൽ വസിക്കുന്ന ക്രിസ്തു' എന്ന സത്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

കുബേര കുടുംബത്തിൽ ആയിരുന്നു ജീൻമേരിയുടെ ജനനം, സഭാമൂല്യങ്ങൾക്ക് അമിത പ്രാധാന്യം നൽകിയിരുന്ന അമ്മ, തന്റെ ചിട്ടയും അച്ചടക്കവും അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതിനിടയിൽ സ്നേഹിക്കാൻ മറന്നു പോയിരുന്നു എന്ന് ജീൻമേരി എഴുതിയിട്ടുണ്ട്. ഏകാന്തതയും അവഗണനയും കൂടെക്കൂടെ അവളെ രോഗിയാക്കിക്കൊണ്ടിരുന്നു. തന്റെ രോഗക്കിടക്കയിൽ ക്രിസ്തുവിനോട് സംസാരിക്കാനാരംഭിച്ചു കൊച്ചുജീൻ. പിന്നീട് ഏകാന്തതയെ സ്വയം തിരഞ്ഞെടുത്ത് പ്രാർത്ഥിക്കാൻ സമയം കണ്ടെത്തി, ബാല്യ കൗമാര പ്രായത്തിലുള്ള മറ്റു കുട്ടികളിൽ നിന്നകന്ന്, പ്രാർത്ഥനയിലും വചനവായനയിലും മുഴുകുന്ന ജീൻ സ്കൂളിലും വീട്ടിലും ഒരു ചർച്ചാവിഷയമായി. തന്റെ മകൾ ഒരു കന്യാസ്ത്രീയായിത്തീർന്നേക്കുമെന്ന് ഭയന്ന് അമ്മ അവളെ പതിനഞ്ചാം വയസ്സിൽ 30 വയസ്സുള്ള

ജോൺ ഗിയോൺ എന്ന ഒരു പ്രഭുവുമായി വിവാഹം കഴിപ്പിച്ചു.

രോഗിയും മുൻകോപിയുമായ പ്രഭുവിന്റെ വീട്ടിൽ, നിതാന്ത ശല്യക്കാരിയായ ഭർതൃമാതാവിന്റെ കുറ്റപ്പെടുത്തലുകൾ എന്ന അധികഭാരം നിമിത്തം ജീൻ എന്ന കൗമാരക്കാരി വേദനയുടെ പൊള്ളലുകളിൽ ശക്തി ചോർന്നവളായിത്തീർന്നു. മതാനുഷ്ഠാനങ്ങൾ അവളിൽ ദൈവീകവിശ്വാസം പകർന്നില്ല. എന്നാൽ തന്റെ പത്തൊമ്പതാം വയസ്സിൽ അവൾ കണ്ടുമുട്ടിയ ഒരു ഫ്രാൻസിസ്കൻ സന്യാസി 'ഉള്ളിലുള്ളതു പുറത്ത് അന്വേഷിക്കുന്നതിന്റെ' അർത്ഥശൂന്യതയെപ്പറ്റി അവളോട് സംസാരിച്ചു. ജീൻമേരിക്ക് അത് പുതിയൊരു ജീവിതസരണിയിലേക്കുള്ള കാൽവയ്പ്പായിരുന്നു. അവൾ അവളിൽ വസിക്കുന്ന ക്രിസ്തുവിനെ കണ്ടെത്താൻ ആരംഭിച്ചത് അവിടെ നിന്നാണ്. തന്റെ മുറിയുടെ നാല് ചുവരുകൾക്കുള്ളിൽ ദൈവത്തോട് സംവദിച്ച്, ദൈവവചനത്തെ ധ്യാനിച്ച്, അവൾ സ്വായത്തമാക്കിയ ആത്മീയശാന്തി ബാഹ്യലോകത്തിന്റെ കാപട്യങ്ങളെയും നാട്യങ്ങളെയും പ്രതിരോധിക്കാൻ അവൾക്ക് പടച്ചട്ടയായി.

യുദ്ധം തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഭർതൃമാതാവ് അവളെ 'നിഷേധി' എന്നും 'നാട്യക്കാരി' എന്നും വിളിച്ചു. സഭ അവളെ ദുരുപദേശം പഠിപ്പിക്കുന്നവൾ എന്നാക്ഷേപിച്ചു. ദൈവരാജ്യം എന്നത് അവിടെയും ഇവിടെയും അല്ല അത് നിങ്ങളുടെ ഉള്ളിലാണ് എന്ന ക്രിസ്തുവചനം അനുഭവവേദ്യമായി കഴിഞ്ഞിരുന്ന അവൾക്ക് എതിർപ്പുകൾ വെല്ലുവിളിയായില്ല. അവൾ എഴുതി: "അതിസമ്പന്നതയിലും ദരിദ്രയായിരുന്നു ഞാൻ, ഭക്ഷണ വിഭവങ്ങൾ നിറഞ്ഞ തീന്മേശയ്ക്കു മുന്നിൽ വിശന്നവൾ ആയിരുന്നു ഞാൻ, പുരാതന സ്നേഹമേ! ഇപ്പോഴും പുതുതായിരിക്കുന്നവനെ... എന്തുകൊണ്ടാണ് നിന്നെ അറിയുവാൻ ഞാൻ ഇത്ര വൈകിയത്. ഞാൻ നിന്നെ തിരഞ്ഞത് നീ ഇല്ലാത്ത ഇടങ്ങളിൽ ആയിരുന്നുവല്ലോ".

അവളുടെ കുറിപ്പുകൾ കൂദാശകളെയും സഭാനേതൃത്വത്തെയും ധിക്കരിക്കുന്നതെന്ന് ആരോപണം ഉയർന്നു. വിശുദ്ധ കർമ്മങ്ങളിലൂടെ അല്ലാതെ ആർക്കും ആത്മീയ ഉൽക്കർഷ ഉണ്ടാകുന്നില്ലെന്നുള്ള പള്ളിപ്രസംഗങ്ങൾക്ക് അവളുടെ അനുഭവക്കുറിപ്പുകൾ വെല്ലുവിളിയായി. 28 ാം വയസ്സിൽ തന്റെ 13 വർഷത്തെ ദാമ്പത്യത്തിന് വിരാമം ഇട്ടുകൊണ്ട് അവളുടെ ഭർത്താവ് മരണമടഞ്ഞു. മൂന്നു കുഞ്ഞുങ്ങളുടെ ചുമതല തന്റെ മേൽ മാത്രമായി വന്നുവെങ്കിലും മേരിക്ക് പ്രാർത്ഥിക്കാനും ധ്യാനിക്കുവാനും കൂടുതൽ ഏകാഗ്രതയും സമയവും ലഭിച്ചു. ക്രൈസ്തവ ആത്മീയതയുടെ സത്യം അന്വേഷിക്കുന്നവർ അവളെ തേടിവരാൻ തുടങ്ങി. അവളുടെ സ്വാധീനം വർദ്ധിക്കുന്നത് മതനേതൃത്വത്തെ കൂടുതൽ പ്രകോപിപ്പിച്ചു. അവൾ അറസ്റ്റ് ചെയ്യപ്പെട്ടു.

നിരന്തരമായ ചോദ്യം ചെയ്യലുകളും അന്വേഷണപ്രഹസനങ്ങളും ഇരുട്ടറയും അവളുടെ ഉള്ളിലെ ക്രിസ്തുസ്നേഹം ജ്വലിപ്പിച്ചതേ ഉള്ളൂ. സഹതടവുകാർക്കിടയിൽ അവളുടെ സൗമ്യതയും മുഖപ്രകാശവും ചർച്ചയായി. പ്രാർത്ഥനയ്ക്കും കൗൺസലിങ്ങിനുമായി അവരിൽ പലരും അവളെ സമീപിച്ചു. ഏതെങ്കിലും വ്യക്തിയുടെയോ ചടങ്ങുകളുടെയോ ഇടനിലയില്ലാതെ ആണ് ക്രിസ്തു, ഹൃദയങ്ങളിൽ വാഴുന്നത് എന്ന് അനുഭവത്തിൽ നിന്ന് അവൾ പഠിപ്പിച്ചു. ദൈവവചനം അവർക്ക് വിശദീകരിച്ചു നൽകി. വിശ്വാസത്തിന്റെയും സമാധാനത്തിന്റെയും മാനസാന്തരത്തിന്റെയും പാത പലരും തിരഞ്ഞെടുത്തു. അവളുടെ കൃത്യമായ കുറ്റം തെളിയിക്കാൻ ആവാത്തതിനാൽ കൂടുതൽ കാലതാമസം ഇല്ലാതെ അവൾ വിട്ടയക്കപ്പെട്ടു.

എന്നാൽ പുറത്തിറങ്ങിയ മാഡം ഗിയോൺ അപ്പോഴേക്കും തന്റെ ഭർത്താവിന്റെ പേര് ചേർത്തുള്ള നാമത്തിൽ പ്രശസ്തയായി കഴിഞ്ഞിരുന്നു. കൂടുതൽ ഉത്സാഹത്തോടെ വ്യക്തിഗത ആത്മീയതയെയും പ്രാർത്ഥനയെയും വചനധ്യാനത്തെയും പ്രോത്സാഹിപ്പിച്ചു. ആദ്യത്തെതിനേക്കാൾ അനുയായികൾ, വൈദികരും കന്യാസ്ത്രീകളും ഉന്നത പദവികളിൽ ഉള്ളവരും ഇത്തവണ അവൾക്കുണ്ടായി. മതനേതൃത്വം പിന്നെയും ഭയന്നുണർന്നു . അവളുടെ ക്രിസ്തുവിൽ ഉള്ള സ്വാതന്ത്ര്യത്തെ പിന്നെയും തടങ്കലിൽ ആക്കാൻ അവർ ആഗ്രഹിച്ചു. കിരാതവും പ്രാകൃതവും എന്നുകുപ്രസിദ്ധി ആർജ്ജിച്ച ബാസ്റ്റിയോ ജയിലറകളുടെ ഇരുട്ടിലേക്ക് അവൾ എറിയപ്പെട്ടു. നീണ്ട ഏഴു വർഷങ്ങൾ. ക്രിസ്തുവിന് സമ്പൂർണ്ണമായി കീഴടങ്ങുക എന്ന തന്റെ ജീവിതത്തിന്റെ ആധാരവാക്യം ഇരുണ്ട കല്ലറകൾ എന്ന് വിളിക്കപ്പെട്ടിരുന്ന ആ തടവറയിൽ അവൾക്ക് പ്രാവർത്തികമാക്കാൻ കഴിഞ്ഞു. Short and easy method of prayer എന്ന വിഖ്യാത

പുസ്തകം ആ ഇരുളിടങ്ങളിലാണ് പിറവിയെടുത്തത്. പ്രാർത്ഥന, ക്രിസ്തുവിൽ ഉള്ള വിശ്രമം ആണെന്ന് പ്രഖ്യാപിക്കുന്ന ആ പുസ്തകം ഫ്രാൻസ് മുഴുവൻ കാട്ടുതീ പോലെ പരന്നു.

നിബന്ധനകളാലും നിയമങ്ങളാലും ആത്മീയത നിയന്ത്രിക്കപ്പെട്ടിരുന്ന ആ കാലത്ത് അനേകർക്ക് പുതിയ ഒരാശ്വാസമായി മാഡം ഗിയോണിന്റെ പുസ്തകങ്ങൾ. കത്തോലിക്കാ മതത്തിനുള്ളിൽ നിന്നുതന്നെ അവളെ അനുകൂലിക്കുന്നവർ ഉണ്ടായി. ഏഴു വർഷങ്ങൾക്ക് ശേഷം ജയിൽ മോചിതയായ അവൾ പ്രശസ്തമായ ലൂവർ നദിയുടെ കരയിൽ ഒരു കൊച്ചു വസതിയിൽ മുഴുവൻ സമയ പ്രാർത്ഥനയിലും എഴുത്തിലും തന്റെ ജീവിതം ചിലവിട്ടു. ജയിലിൽ വച്ച് എഴുതിത്തുടങ്ങിയ തന്റെ ആത്മകഥ അവൾ പൂർത്തിയാക്കി. സംസ്കാരം, വിദ്യാഭ്യാസം, പ്രതാപം, പദവി, അറിവ്, പ്രശസ്തി, എല്ലാം കൊഴിഞ്ഞുകൊഴിഞ്ഞു സ്വയം തീർത്തും ഇല്ലാതെയാകുമ്പോൾ നിറയുന്ന ക്രിസ്തുസാന്നിധ്യത്തെക്കുറിച്ച് പറഞ്ഞും എഴുതിയും അനേകരെ അവൾ സത്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുവന്നു. അഗ്നിശുദ്ധി വന്നവളായി കണ്ണുനീർ താഴ്‌വരകളിലൂടെ തന്റെ പ്രിയന്റെ കരം പിടിച്ചു നടന്നവൾ, ദൈവം എന്ന രചയിതാവിനോട് ഒത്തുചേരാനുള്ള ക്ഷണമാണ് ബൈബിളിന്റെ ഓരോ താളിലും തെളിയുന്നതെന്ന് എഴുതി. ജോൺ വെസ്‌ലിയെ പോലുള്ള പ്രശസ്ത സുവിശേഷകർ തങ്ങളിലെ ആത്മീയമനുഷ്യനെ ബലപ്പെടുത്തുന്നതിൽ മാഡം ഗിയോണിന്റെ രചനകൾ സ്വാധീനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ലോകം അഥവാ മതം അടിച്ചമർത്തിയ ഒരു സ്ത്രീജീവിതത്തിലൂടെ ദൈവം ചെയ്തെടുത്ത വൻകാര്യങ്ങൾ, ദൈവകരങ്ങളിലേക്ക് തങ്ങളെത്തന്നെ എറിഞ്ഞു കൊടുക്കുക എന്ന മാഡം ഗിയോണിന്റെ വരികൾ നമ്മെ ഓരോരുത്തരെയും സ്പർശിക്കട്ടെ. നമ്മിലും ക്രിസ്തു ജീവിക്കുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം, പ്രത്യാശിക്കാം.

•

# വാളേ... ഇടയനെ വെട്ടുക

**(ഉൽപ്പത്തി 3:24, സഖര്യാവ് 13:7)**



വീഴ്ചക്കു ശേഷം കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചു തിന്ന് മനുഷ്യൻ വീണ അവസ്ഥയിൽ എന്നേക്കും ജീവിപ്പാൻ സംഗതി വരരുത് എന്ന് കരുതി അവന്റെ നന്മയ്ക്കു വേണ്ടിയാണ് അവനെ ഏദെൻതോട്ടത്തിൽ നിന്ന് പുറത്താക്കിയത്. പ്രവേശന കവാടം കാക്കുന്നതിന്, അതായത് ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴികാപ്പാൻ ഏദെൻതോട്ടത്തിന് കിഴക്ക് കെരൂബുകളെ, തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

നല്ലയിടയനായ യേശുവിന് ആ വാളിന്റെ വെട്ടുകൊള്ളാതെ തന്റെ പിന്നാലെയുള്ള ആടുകളെ ജീവന്റെ വഴിയിലേക്ക് ആനയിക്കുവാൻ സാധ്യമല്ല. അതാണ് ക്രിസ്തു കുരിശിൽ തകർക്കപ്പെട്ടതിന്റെ പൊരുൾ. കാലത്തികവിങ്കൽ ഇടയൻ വെട്ടുകൊള്ളുകയും തദ്വാരാ നിത്യജീവനായ് നിയമിക്കപ്പെട്ടവർ ജീവങ്കലേക്ക് കടന്നു തുടങ്ങി ഇന്നും തുടരുകയും ചെയ്യുന്നു (യോഹന്നാൻ 5:24).

ഇന്നത്തെ സൈനീകശാസ്ത്രത്തിൽ സൈന്യാധിപൻ പിന്നണിയിൽ നിന്ന് നയിക്കുന്നതുപോലെയല്ല, പൂർവ്വകാല യുദ്ധങ്ങളിൽ സൈന്യാധിപൻ മുന്നണിയിൽ നിന്ന് യുദ്ധം നയിച്ചിരുന്നതുപോലെയാണ് ക്രിസ്തു നമ്മുടെ സേനാനായകനായിരിക്കുന്നത്.

ജെ.കെ



**ചാൾസ് സ്പർജൻ**

# കഠിന ശോധനയുടെ തീച്ചൂളയിൽ...

**ന**മുക്ക് മിസ്രയീമിലെ ഇഷ്ടികച്ചൂളകളിലേക്കു ഒന്നുപോകാം. ചാട്ടവാറടിയിൽ തളർന്നിരിക്കുന്ന ഇസ്രായേല്യ അടിമകളെ നോക്കൂ... അവരുടെ പീഡനത്തിന്റെ നിലവിളി സ്വർഗ്ഗത്തിലേക്ക് ഉയരുന്നു. അവർ ദൈവത്തിന്റെ ജനമാണ്. എന്നാൽ അവരിപ്പോൾ വേദനയുടെ ചൂളയിലാണ്! ചരിത്രത്തിലൂടെ നാം സഞ്ചരിച്ചാൽ മിസ്രയീം വിട്ടശേഷവും യിസ്രായേൽ എവിടെയായിരുന്നു? അവർ മരുഭൂമിയിൽ പ്രതിസന്ധികളാകുന്ന ചൂളയിലായിരുന്നു. ശൗലിന്റെ കാലത്തേക്ക് വരൂ... ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് എവിടെ? അവൻ കഷ്ടതയുടെ ചൂളയിൽ എൻഗെദിയിലെ ഗുഹകളിൽ അലഞ്ഞുനടക്കുന്നു, അനുകമ്പയില്ലാത്ത ശൗൽ പിശാചിനെപ്പോലെ ദാവീദിനെ വേട്ടയാടുന്നു. ക്ഷാമകാലത്ത് ഏലിയാവിന്റെ വാസസ്ഥലം ഒരു നീർച്ചാലിനടുത്തായിരുന്നു. അവിടെ കാക്ക അപ്പവും മാംസവും കൊണ്ടുവരുന്നു. മറ്റൊരിക്കൽ വിധവ അവന്റെ ആതിഥേയയാണ്. അല്പം എണ്ണയും ഒരുപിടി മാവും മാത്രമാണ് അവരുടെ കൈവശമുണ്ടായിരുന്നത്. ആഴത്തിലുള്ള ഉഴവുചാലുകളാൽ സഭ ഉഴുതുമറിക്കപ്പെട്ടിട്ടുണ്ട്. ചുറ്റും കത്തുന്ന ചൂള! ഈ അനുഭവത്തിലല്ലാതെ വിശുദ്ധന്മാരെ നിങ്ങൾ കണ്ടെത്തുകയില്ല.

യേശു മടങ്ങിവരുന്നതുവരെ അത് അങ്ങനെ തന്നെയായിരിക്കും. അതിനാൽ നാം എപ്പോഴും കഷ്ടപ്പെടുമെന്ന് പ്രതീക്ഷിക്കണം. പരിഹാസത്തിന് ഇരയായില്ലായിരുന്നെങ്കിൽ എങ്ങനെ നാം രൂപാന്തരപ്പെടുമായിരുന്നു. അതിനാൽ ശത്രുക്കളുടെ എല്ലാ വടികൾക്കും, അവർ കെട്ടിച്ചമച്ച അപവാദങ്ങൾക്കും നാം അവരോട് നന്ദി പറയണം. അതെ, ദൈവം നമ്മെ വിളിച്ചതിന്റെ അടയാളമായും ഇതിനെ കണക്കാക്കണം. കഷ്ടതയുടെ ചൂളയിൽ ദൈവത്തെ കണ്ടെത്തുമെന്നത് ഒരു വസ്തുതയാണ്.

തീച്ചൂളയുടെ അനുഭവത്തിലൂടെ ദൈവമക്കളെ നയിക്കുന്നത് എന്തുകൊണ്ട്? കാരണം, അത് ഉടമ്പടിയുടെ മുദ്രയാണ്. ചില രേഖകൾ നിയമപരമാകണമെങ്കിൽ അവയിൽ സർക്കാർമുദ്ര പതിപ്പിക്കണമെന്ന് നമുക്കറിയാം. ഈ മുദ്ര ഇല്ലെങ്കിൽ അവ നിയമപരമാകില്ല. ഉല്പത്തി 15:17 ൽ 'സൂര്യൻ

അസ്തമിച്ച് ഇരുട്ടായശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവേ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി. അന്ന് യഹോവ അബ്രാമിനോട് ഒരു നിയമം ചെയ്തു' ഈ രണ്ടു കാര്യങ്ങളും അബ്രാമിനോട് ദൈവം ചെയ്ത ഉടമ്പടിയെ ഉറപ്പിച്ച മുദ്രകളായിരുന്നു, 'ജ്വലിക്കുന്ന ഒരു പന്തം' ദൈവജനത്തിന്റെ ഇരുട്ടകറ്റാനുള്ള, അവരെ സ്വർഗ്ഗത്തിലേക്ക് നയിക്കാനുള്ള വെളിച്ചം. പന്തത്തോടൊപ്പം 'പുകയുന്ന ഒരു ചൂള'. പുകയുന്ന ചൂള പൊട്ടിച്ചെറിയണമെന്നും അത് ഒഴിവാക്കണമെന്നും ആഗ്രഹിക്കുന്നുണ്ടോ? ഇല്ല, കാരണം അത് ഉടമ്പടിയെ മുഴുവൻ അസാധുവാക്കും. ഉടമ്പടി സാധുതയുള്ളതാകേണ്ടത് അത്യാവശ്യമായതിനാൽ സന്തോഷത്തോടെ അത് സഹിക്കും.

എല്ലാ വിലയേറിയ വസ്തുക്കളും പരീക്ഷിക്കപ്പെടുന്നു. രത്നം മുറിക്കപ്പെടണം. രത്നത്തെ മുറിച്ചാൽ അതിനു ജീവനുണ്ടായിരുന്നെങ്കിൽ അത് വേദനയോടെ നിലവിളിക്കുമായിരുന്നു. സ്വർണ്ണവും തീയിൽ ശോധന ചെയ്യപ്പെടണം. ഖനിയിൽ നിന്ന് കുഴിച്ചെടുക്കുന്ന അതേ അവസ്ഥയിൽ സ്വർണ്ണം ഉപയോഗിക്കാൻ കഴിയില്ല. അത് തീയിലൂടെ കടന്നു മാലിന്യം നീക്കപ്പെടുകയും വേണം. ദൈവം അനുവദിക്കുന്ന തീച്ചൂളയുടെ അനുഭവങ്ങൾ യേശുക്രിസ്തുവിനെപ്പോലെയാകുന്നതിന് വേണ്ടിയാണ്. വെളിപ്പാട് പുസ്തകത്തിൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിവരണത്തിൽ 'അവന്റെ കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശവും, അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും' ആയിരുന്നു എന്നാണല്ലോ. യേശുക്രിസ്തുവിന്റെ പാദങ്ങൾ അവന്റെ മനുഷ്യത്വത്തെയും, തല ദൈവത്വത്തെയും പ്രതിനിധീകരിക്കുന്നു. നമ്മുടെ പാദങ്ങളും കഷ്ടതയുടെ തീച്ചൂളയിൽ നിൽക്കാതെ എങ്ങനെ ക്രിസ്തുവിനെപ്പോലെയാകാൻ കഴിയും? അവൻ പ്രതിസന്ധികളുടെ തീജ്വാലയിലൂടെ നടന്നെങ്കിൽ, നാമും അങ്ങനെ തന്നെ ചെയ്യേണ്ടതല്ലേ? രക്ഷാനായകൻ തീച്ചൂളയിൽക്കൂടി കടന്നുപോയി. അതിനാൽ, ധൈര്യത്തോടും പ്രത്യാശയോടും നാമും മുമ്പോട്ടു ഗമിക്കണം.

ചൂളയുടെ പ്രയോജനം അത് കഠിനഹൃദയത്തെ ഉരുക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഹൃദയത്തിലെ മാലിന്യം നീക്കം ചെയ്യുന്നു.ചൂള നല്ലൊരു സ്ഥലമാണ്. അത് ക്രിസ്തുവിനെപ്പോലെയാകാൻ സഹായിക്കുന്നു. ശുദ്ധീകരണം നമ്മിൽ സംഭവിച്ചു കഴിയുമ്പോൾ നാമാകുന്ന വിലയേറിയ സ്വർണ്ണം ഇവിടെ കൊണ്ടുവരിക... എന്റെ കിരീടാഭരണങ്ങളോടൊപ്പം ഞാൻ അത് സൂക്ഷിക്കും എന്നായിരിക്കും ദൈവം പറയാൻ പോകുന്നത്. ക്രിസ്താനുരൂപരായി വാർത്തെടുക്കാൻ എല്ലാ തീച്ചൂളകളും നമ്മെ സജ്ജരാക്കുന്നു. കൊല്ലൻ ഇരുമ്പ് എടുത്ത് ചൂളയിൽ വയ്ക്കുകയും ചുറ്റിക കൊണ്ട് അതിനു രൂപം വരുത്തുകയും ചെയ്യുന്നു. അത് അവന്റെ ജോലിയാണ്. രൂപപ്പെടുന്നത് വരെ ചുറ്റിക ഇരുമ്പിൽ മുഴങ്ങിക്കൊണ്ടിരിക്കും.നിർമ്മാതാക്കൾക്ക് അവർ ഉപയോഗിക്കുന്ന ലോഹം ഉരുക്കാൻ കഴിയുന്നില്ലെങ്കിൽ എന്തുചെയ്യാൻ കഴിയും? വിലയേറിയതും മനോഹരവുമായ പലതും അവർക്ക് നിർമ്മിക്കാൻ കഴിയില്ല. തീച്ചൂളകളില്ലായിരുന്നെങ്കിൽ നമ്മുടെ രൂപാന്തരം എങ്ങനെ സംഭവിക്കും? തീയിൽ പരീക്ഷിക്കപ്പെടാൻ കഴിയുന്നില്ലെങ്കിൽ നമ്മിൽ ആരെയും ഉപയോഗയോഗ്യരാക്കാൻ കഴിയില്ല. ചൂള കഠിനഹൃദയം ഉരുകാൻ സഹായകമാകുന്നു.

**സ്വർണ്ണവും തീയിൽ ശോധന ചെയ്യപ്പെടണം. അത് തീയിലൂടെ കടന്നു മാലിന്യം നീക്കപ്പെടുകയും വേണം. ദൈവം അനുവദിക്കുന്ന തീച്ചൂളയുടെ അനുഭവങ്ങൾ യേശുക്രിസ്തുവിനെപ്പോലെ ആകുന്നതിന് വേണ്ടിയാണ്.**

*ചൂളയിലെ ആശ്വാസങ്ങളെക്കുറിച്ച് ചിന്തിക്കാം.* ബുദ്ധിമുട്ടിന്റെയും അപമാനത്തിന്റെയും തീച്ചൂളയിലൂടെ കടക്കുമ്പോൾ യേശു നിങ്ങളോടൊപ്പമുണ്ട്. അദൃശ്യനെങ്കിലും അവന്റെ തലോടൽ അനുഭവപ്പെടാം. അവിടെ അവന്റെ ശബ്ദം കേൾക്കാം. മരണനിഴലിന്റെ താഴ്വരയിൽ ഒന്നും കാണുന്നില്ല, പക്ഷേ ദൈവം പറയുന്നു, 'ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടൊപ്പമുണ്ട്, ഭ്രമിക്കേണ്ട, ഞാൻ നിങ്ങളുടെ ദൈവമാണ്'. അതെ, ദൈവം നിങ്ങളോടൊപ്പമുണ്ട്. നിങ്ങളെ പൊള്ളിക്കുന്ന അതേ തീച്ചൂള

ദൈവഹൃദയത്തെയും പൊള്ളിക്കുന്നു. ദൈവത്തിന്റെ കൈകളിൽ സുരക്ഷിതരാണെന്ന് ബോധ്യപ്പെടുമ്പോൾ മരണത്തിന്റെ വെല്ലുവിളിയെ ജയിച്ചു കയറില്ലേ?

വിശ്വാസത്തിന്റെ പരിശോധനാച്ചൂളയിലൂടെ കടന്നുപോയി ജയം പ്രാപിക്കാത്തവർ നിപതിക്കുന്ന മറ്റൊരു വലിയ ചൂളയുണ്ട്. തീയും ഗന്ധകവും കത്തുന്ന നിത്യനരകം! പുഴു ചാകാത്തതും തീ കെടാത്തതുമായ നിത്യദണ്ഡനങ്ങളുടെ ഇടം. ആ ചൂള ഭീകരവും അസഹനീയവുമാണ്. അതിലേക്ക് എറിയപ്പെടുന്നവരെല്ലാം കരച്ചിലും വിലാപവും പല്ലുകടിയുമായി, നിത്യകാലം കഴിച്ചുകൂട്ടും. ക്രിസ്തുവിലാകാതെ മരിക്കുകയാണെങ്കിൽ മരണക്കിടക്കയിൽ സാത്താന്യ കരം പിടികൂടും. ലക്ഷ്യബോധമില്ലാതെ ജീവിക്കുന്നുവോ? രക്ഷപ്പെടാൻ ആഗ്രഹിക്കുന്നുണ്ടോ? ഒരു വാതിലേയുള്ളൂ. ഒരു വഴിയേ ഉള്ളൂ. സ്വർഗ്ഗത്തിലേക്കുള്ള പ്രവേശനം കണ്ടെത്തുകയും നരകത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുവാൻ ഒരേ ഒരു വഴിയേ ഉള്ളൂ. 'കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും, സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' വിശ്വസിക്കുക എന്നാൽ ക്രിസ്തുവിലുള്ള വിശ്രമമാണ്. അവിടുന്ന് ഒരിക്കലും നമ്മെ അനാഥരായി വിടുകയില്ല നിശ്ചയം. •

# എല്ലാറ്റിനും അവസാനമുണ്ട്

**വ**ലതും കാണുകയും അറിയുകയും ചിലതൊക്കെ അനുഭവിക്കുകയും ചെയ്യേണ്ടിവരുമ്പോൾ മനസ്സിനു കഠിനമായി മുറിവേൽക്കാറുണ്ട്. അനീതി പ്രവർത്തിക്കയും ഒരു മനസ്താപവുമില്ലാതെ ദുഷ്പ്രവൃത്തികൾ തുടരുകയും ചെയ്യുന്നവരെക്കുറിച്ച് അറിയുമ്പോൾ ഇത് എത്രത്തോളം എന്നു നാം ചിന്തിച്ചുപോകും. അതുപോലെ തന്നെ ഒരുദോഷവും ചെയ്യാതെ തിന്മ അനുഭവിക്കേണ്ടിവരുന്ന സന്ദർഭങ്ങളുമുണ്ടാകും മനുഷ്യജീവിതത്തിൽ. ചിലരെ ദുരന്തങ്ങളും ദുരനുഭവങ്ങളും നിരന്തരം പിന്തുടരുകയല്ലേ എന്നു തോന്നിപ്പോകാറുണ്ട്. അനീതി അരങ്ങുവാഴുന്ന ഈ ലോകത്തിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകൂ, ഇതിനൊരു അറുതിയുണ്ട്. 'എന്നാൽ, എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ' (1 പത്രൊസ് 4:7) എന്നു പത്രൊസും, 'അനീതിചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതിചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ; ഇതാ ഞാൻ വേഗം വരുന്നു' എന്നു വെളിപ്പാടു പുസ്തകത്തിൽ യോഹന്നാനിലൂടെ പറയുന്നതും ശ്രദ്ധിക്കുക. അനീതിയും അശുദ്ധിയും തുടരാനുള്ള അനുവാദമല്ല സഭയുടെ നാഥൻ ഇവിടെ നൽകുന്നത്, ഒരു ന്യായാധിപതി വിധികർത്താവായി വരുന്നുണ്ട്. അവൻ എത്താറായി എന്ന മുന്നറിയിപ്പാണ് വെളിപ്പാടു പുസ്തകത്തിലുള്ളത്.

നന്മ അനുഭവിക്കുന്ന ദുഷ്ടനും, തിന്മ അനുഭവിക്കുന്ന നീതിമാനും അറിയണം ഈ വ്യവസ്ഥിതിയുടെ അവസാനം സമീപിച്ചിരിക്കുന്നു. ഈ ദുഷ്ടലോകത്തിൽ നീതി പ്രസംഗിക്കയും പ്രചരിപ്പിക്കയും ചെയ്യാൻ നമുക്കു കഴിയും. എന്നാൽ, ആരെയും നീതികരിക്കാനോ വിശുദ്ധീകരിക്കാനോ വ്യവസ്ഥിതി അപ്പാടെ മാറ്റിയെടുക്കാനോ നമുക്കു കഴിയില്ലല്ലോ. നമ്മെത്തന്നെ നീതിയിലും വിശുദ്ധിയിലും നിലനിർത്താനും വളർത്താനും ദൈവകൃപയാൽ നമുക്കു കഴിയും. അതിലാണു ശ്രദ്ധചെലുത്തേണ്ടത്. അതിനാണ് വെളിപ്പാടുപുസ്തകത്തിലെ ഊന്നൽ. 'പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ' എന്നാണ് പത്രൊസ് പ്രബോധിപ്പിക്കുന്നത്. നമ്മുടെ പ്രാർത്ഥനയും ജാഗ്രതയുമെല്ലാം കർത്താവിന്റെ മടങ്ങിവരവ് എന്ന ഭാവിപ്രത്യാശയിൽ കേന്ദ്രീകൃതമായിരിക്കണം എന്നു സാരാംശം.



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

ജോയ് എം. തോമസ്

# കൃപയാൽ സ്വയം സൂക്ഷിക്കുക

***അതിനു യേശു ഉത്തരം പറഞ്ഞത്: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും (മത്തായി 24:4,5)***

**ദൈ**വമക്കൾ സ്വയം സൂക്ഷിക്കുവാൻ വിളിക്കപ്പെട്ടവരാണെന്നുള്ള അറിവ് വളരെ പ്രധാനപ്പെട്ടതാണ്. നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നു പറഞ്ഞുതരണം എന്നപേക്ഷിച്ച ശിഷ്യന്മാർക്ക് കർത്താവ് ആദ്യം നൽകുന്ന നിർദ്ദേശവും മുന്നറിയിപ്പും 'ആരും നിങ്ങളെ തെറ്റിച്ച് കളയാതിരിക്കുവാൻ സൂക്ഷിച്ചു കൊള്ളുവിൻ' എന്നായിരുന്നു. ക്രിസ്തുശിഷ്യരെ തെറ്റിച്ചു കളയുവാനുള്ള സാത്താന്റെ തന്ത്രങ്ങൾക്കെതിരെ നാം ഓരോരുത്തരും ജാഗ്രത പുലർത്തണം. നമ്മുടെ കാവൽക്കാർ നാം ഓരോരുത്തരും തന്നെയാണെന്ന യാഥാർത്ഥ്യവും തിരിച്ചറിയണം.

'ആരും' എന്ന് പറയുമ്പോൾ നമ്മെ തെറ്റിക്കേണ്ടതിന് പിശാച് കരുവാക്കുന്നത് ആരെയുമാകാം എന്ന് മനസ്സിലാക്കിയിരിക്കണം. നമ്മെ സത്യത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ അഥവാ ക്രിസ്തുവിൽ നിന്നും അവിടുത്തെ ഉപദേശങ്ങളിൽ നിന്നും അടർത്തിമാറ്റുവാൻ ശ്രമിക്കുന്നത് ആരായാലും ലോകപ്രകാരം അവർ എത്ര പ്രാധാന്യം അർഹിക്കുന്നവർ ആയാലും നാം അവരുടെ വാക്കുകൾ കേൾക്കരുത്. വിശ്വാസകാര്യത്തിൽ നാം അവരിൽ നിന്നും അകലം പാലിച്ചേ പറ്റുകയുള്ളൂ. പഴയനിയമത്തിൽ അന്യദൈവങ്ങളിലേക്ക് വശീകരിക്കുന്നവൻ ആരായാലും കൊന്നുകളയണം എന്ന കർക്കശ കൽപ്പന ആയിരുന്നു നിലനിന്നത് (ആവർത്തനം 13 :8,9). പുതിയനിയമത്തിൽ അപ്രകാരമുള്ള ശിക്ഷാനടപടികൾ ഇല്ല. എന്നാൽ അവരിൽ നിന്നും അകന്നു മാറേണ്ടതുണ്ട്. ക്രിസ്തുവിനോടുള്ള ആത്മബന്ധമാണ് നമുക്ക് അതിപ്രധാനം.

ക്രിസ്തുവിനോടുള്ള ആത്മബന്ധത്തിന്റെ ദൃഢത വെളിപ്പെടുന്നത് നാം അവിടുത്തെ കൽപ്പനകൾ അനുസരിക്കുന്നതിനാലാണ്. കർത്താവിനോടുള്ള അനുസരണമാണ് ആത്മീയജീവിതത്തിന്റെ അടിത്തറ എന്നത്. കർത്താവിനോടുള്ള സ്നേഹം വെളിപ്പെടുത്തുന്നത് നാം അവിടുത്തെ കല്പനകൾ

അനുസരിക്കുന്നതിലൂടെയാണ്. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപ്പനകളെ കാത്തുകൊള്ളും (യോഹന്നാൻ 14: 15) എന്ന് അവിടുന്ന് അരുളിച്ചെയ്തിരിക്കുന്നുവല്ലോ. കർത്താവ് നൽകിയിരിക്കുന്ന കൽപ്പനകളെയും ഉപദേശങ്ങളെയും തെറ്റായി മനസ്സിലാക്കിയാൽ ശരിയായുള്ള അനുസരണം ഉണ്ടാവില്ലല്ലോ. അതിനാൽ തെറ്റായ ഉപദേശങ്ങളെ സൂക്ഷിച്ച് ഒഴിയേണ്ടതും ഏറ്റവും അത്യാവശ്യമാണ്.

'ഞാൻ ക്രിസ്തു എന്നുപറഞ്ഞ് അനേകർ എന്റെ പേർ എടുത്ത് വന്നു പലരെയും തെറ്റിക്കും' എന്നും കർത്താവ് മുൻകൂട്ടി പറഞ്ഞിരിക്കുന്നു. സത്യത്തിൽ നിന്നും വിശ്വാസികളെ തെറ്റിക്കുന്നതിന് പിശാച് വ്യാജത്തെ സത്യമായി അവതരിപ്പിക്കുന്നു. ഇത് സാത്താന്റെ വലിയ തന്ത്രമാണ്. അതുകൊണ്ട് എന്തിനേയും ഏതിനേയും വിശ്വസിക്കാതെ, വിവേചിച്ച് തിരിച്ചറിയുവാൻ തിരുവെഴുത്തുകൾ ശോധന ചെയ്യുന്നതിലൂടെ നാം പ്രാപ്തരായിരിക്കണം. ക്രിസ്തുവിന്റെ ശ്രേഷ്ഠമായ നാമം ദുരുപയോഗം ചെയ്യുവാൻ അനേകർ തയ്യാറാകും എന്നത് കർത്താവ് നമ്മെ മുന്നമേ അറിയിച്ചിരിക്കുന്നു. ഞാൻ ക്രിസ്തു അഥവാ അഭിഷിക്തൻ എന്ന് അനേകർ അവകാശപ്പെടും. പുതിയനിയമത്തിൽ ദൈവദാസന്മാരെ അഭിഷിക്തൻ എന്ന് ഉപയോഗിച്ചിട്ടില്ല. ക്രിസ്തു എന്ന പേരിന്റെ അർത്ഥം ആണല്ലോ അഭിഷിക്തൻ എന്നത്. അതിനാൽ അഭിഷിക്തൻ എന്ന പേർ എടുത്താൽ അത് ക്രിസ്തു എന്നു പറയുന്നതിനു തുല്യമല്ലേ...? ക്രിസ്തുവിന്റെ ദാസൻ എന്ന പ്രയോഗമാണ് ദൈവവേലക്കാർക്ക് ഉചിതം.

എല്ലാ ദുരുപദേഷ്ടാക്കന്മാരും കപടവേലക്കാരും ക്രിസ്തുവിന്റെ നാമത്തെ ദുരുപയോഗം ചെയ്യുന്നവരാണ്. ക്രിസ്തുവിന്റെ സഭയ്ക്കുള്ള ഏറ്റവും വലിയ വെല്ലുവിളി ഇവർ തന്നെയാണ്. ഇവർ സഭയ്ക്കുള്ളിൽ കടന്ന് ദോഷം ചെയ്യുന്ന വിനാശകരാണ്. ഇവരെ വിവേചിച്ച് തിരിച്ചറിയാൻ ഓരോ വിശ്വാസിയും പ്രാപ്തരാകണം. അവരെ എങ്ങനെയാണ് തിരിച്ചറിയാൻ കഴിയുന്നത്? അവരെ തിരിച്ചറിയേണ്ടത് എങ്ങനെയെന്ന് കർത്താവ് തന്നെ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. 'കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊള്ളുവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ

**സത്യത്തിൽ നിന്നും വിശ്വാസികളെ തെറ്റിക്കുന്നതിന് പിശാച് വ്യാജത്തെ സത്യമായി അവതരിപ്പിക്കുന്നു. ഇത് സാത്താന്റെ വലിയ തന്ത്രമാണ്. അതുകൊണ്ട് എന്തിനേയും ഏതിനേയും വിശ്വസിക്കാതെ, വിവേചിച്ചറിയുവാൻ തിരുവെഴുത്തുകൾ ശോധന ചെയ്യുന്നതിലൂടെ നാം പ്രാപ്തരായിരിക്കണം.**

ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷമൊക്കെയും നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു' (മത്തായി 7:15 -17)

ഫലം ആണ് വൃക്ഷം ഏതെന്ന് വെളിപ്പെടുത്തുന്നത്. അതുപോലെ ഒരു വ്യക്തിയുടെ സ്വഭാവം ആണ് ആ വ്യക്തി ആരാണെന്ന് വെളിപ്പെടുത്തുന്നത്. വിശുദ്ധി, വിശ്വസ്തത, സത്യസന്ധത, സൗമ്യത, താഴ്മ, തുടങ്ങിയ സൽഗുണങ്ങൾ എല്ലാം ദൈവീകസ്വഭാവത്തിന്റെ ഭാഗമാണ്. ക്രിസ്തു ഉള്ളിൽ ജീവിക്കുന്ന ആത്മീയ അനുഭവം ഉള്ള ഏത് ദൈവവേലക്കാരന്റെയും സ്വഭാവം ആത്മികത വെളിപ്പെടുത്തുന്നതായിരിക്കും. സംസാരത്തിലും ഇടപാടുകളിലും മനോഭാവത്തിലും പ്രകടമാകുന്ന ആത്മീയഫലങ്ങൾ ആ വ്യക്തി ദൈവത്തിൽ നിന്നുള്ളവനെന്നു തിരിച്ചറിയുന്നതിനുള്ള അടയാളമാണ്. വിശ്വസ്തരും സത്യസന്ധരുമായവർ ദൈവത്തോടും മറ്റുള്ളവരോടും അവരോട് തന്നെയും വിശ്വസ്തരായിരിക്കും. അഭിനയിക്കാൻ അവർക്ക് കഴിയുകയില്ല.

എന്നാൽ കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കന്മാരും അങ്ങനെയല്ല. അവർക്ക് ആത്മാർത്ഥതയില്ല, കപട വേഷധാരികളാണ്. ആത്മീകർ എന്നു നടിക്കുമെങ്കിലും അവരോടു ഇടപെടുമ്പോൾ അവരിലെ ജഡികസ്വഭാവം ആകുന്ന 'ചെന്നായ്' വെളിപ്പെട്ടു വരും. അവരെ സൂക്ഷിച്ച് ഒഴിഞ്ഞുകൊള്ളുവാൻ കർത്താവ് നമ്മോട് പറഞ്ഞിരിക്കുന്നു.

അപ്പോസ്തലനായ യോഹന്നാൻ പറഞ്ഞിരിക്കുന്നതും കൂടെ ഇതിനോട് ചേർത്തുവായിക്കുന്നതും ഉചിതമായിരിക്കും 'പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽനിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവു തന്നെ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അത് ഇപ്പോൾത്തന്നെ ലോകത്തിൽ ഉണ്ട്' (1 യോഹന്നാൻ 4:1 - 3)

കള്ളപ്രവാചകന്മാരിലും കള്ളക്രിസ്തുക്കളിലും വ്യാപരിക്കുന്നത് എതിർക്രിസ്തുവിന്റെ ആത്മാവാണ്. ഈ ആത്മാവിന്റെ വഞ്ചനയിൽ വീണവരാണ് ദുരുപദേഷ്ടാക്കന്മാർ. അതുകൊണ്ട് യോഹന്നാൻ നമ്മെ ഉപദേശിച്ചിരിക്കുന്നു. ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്യുവിൻ. ഈ വിവേകത്തോടുകൂടിയ വിവേചനം ഇന്ന് ഏറെ അത്യാവശ്യമായിരിക്കുന്നു. ആത്മാക്കൾ ദൈവത്തിൽ നിന്നോ എന്ന് തിരിച്ചറിയേണ്ടത് വളരെ അത്യാവശ്യം. അതിന് അല്പസമയം നാം എടുക്കണം. ആരെയും പെട്ടെന്ന് വിശ്വസിക്കരുത്. സസൂക്ഷ്മമായി നിരീക്ഷിക്കണം. വിധിക്കുന്ന രീതിയിൽ ആകരുത്, വിവേചിക്കുക. മുൻവിധിയോടെ ആകരുത്. പ്രത്യുത, പ്രാർത്ഥനയോടെ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായത്തിൽ പൂർണ്ണമായും ആശ്രയിച്ചുകൊണ്ടായിരിക്കണം.

ഇന്ന് പലരും മുൻവിധിയോടുകൂടി കാണുന്നു എന്നത് ഖേദകരമാണ്. അത് ആത്മികതയല്ല. വിവേചിക്കേണ്ടത് സൗമ്യതയുടെ ആത്മാവിനാലാണ്. ക്രിസ്തുവിന്റെ ആത്മാവ് ഉള്ളവരിൽ ക്രിസ്തുവിന്റെ സ്വഭാവവും പരിജ്ഞാനവും ഉണ്ടായിരിക്കും. അവർ ക്രിസ്തുവിനെ മനസ്സിലാക്കേണ്ടത് പോലെ മനസ്സിലാക്കുകയും ക്രിസ്തുവിനെ പ്രസംഗിക്കേണ്ടത് പോലെ പ്രസംഗിക്കുകയും ചെയ്യുന്നു. ദൈവാത്മാവിന്റെ പ്രധാനപ്പെട്ട പ്രവൃത്തി യേശുവിനെ നമുക്ക് വെളിപ്പെടുത്തി നൽകുക എന്നതാണ്. അങ്ങനെ അവിടുന്ന് നമ്മെ സകല സത്യത്തിലും വഴി നടത്തുന്നു. ദൈവാത്മാവിൽ സംസാരിക്കുന്നവർ ക്രിസ്തുവിനെ കർത്താവായി ഏറ്റുപറയുന്നു (1 കൊരിന്ത്യർ 12:3). അവർ ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ഗ്രഹിക്കുവാനും വിശ്വസിക്കുവാനും പ്രാപ്തരാണ്. കാരണം ദൈവാത്മാവിന്റെ സഹായത്താൽ ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് പ്രാപിക്കുന്നു.

**ക്രിസ്തുവിന്റെ ആത്മാവ് ഉള്ളവരിൽ ക്രിസ്തുവിന്റെ സ്വഭാവവും പരിജ്ഞാനവും ഉണ്ടായിരിക്കും. അവർ ക്രിസ്തുവിനെ മനസ്സിലാക്കേണ്ടത് പോലെ മനസ്സിലാക്കുകയും പ്രസംഗിക്കേണ്ടത് പോലെ പ്രസംഗിക്കുകയും ചെയ്യുന്നു**

ക്രിസ്തുവിനെ എങ്ങനെ മനസ്സിലാക്കുന്നു, ക്രിസ്തുവിനെ എങ്ങനെ പ്രസംഗിക്കുന്നു എന്നത് ആത്മാവിനെ വിവേചിച്ചറിയുവാൻ ഒരു അടയാളമായിരിക്കുന്നു. ഇതും അവരുടെ ഫലമാണ്. ക്രിസ്തുവിനെ യഥാർഥമായി മനസ്സിലാക്കുന്നവർ ക്രിസ്തുവിന്റെ ആരാധകരും തന്നിമിത്തം ക്രിസ്തുവിനെ അനുകരിക്കുന്നവരും ആയിരിക്കും. ക്രിസ്തുവിന്റെ സ്വഭാവത്തോട് അവർ അനുരൂപപ്പെട്ടു കൊണ്ടിരിക്കും. അപ്രകാരം സംഭവിക്കുന്നില്ല എങ്കിൽ അവർ എതിർക്രിസ്തുവിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരാണ് എന്ന് നിസ്സംശയം പറയാം. അവരുടെ ഉപദേശങ്ങളിൽ നിന്നും ജീവിതശൈലിയിൽ നിന്നും അകന്നുനിൽക്കുവാൻ നാം ശ്രദ്ധിക്കണം.

ആത്മീകത നമ്മുടെ ഓരോരുത്തരുടെയും ജീവിതമാണ്. ആത്മീയജീവിതം എങ്ങനെയെങ്കിലും ജീവിച്ചാൽ പോരാ. അത് നമ്മുടെ നിത്യതയുടെ കാര്യമാണല്ലോ. അതിനാൽ ആത്മീയജീവിതത്തിന് വളരെ പ്രാധാന്യം കൊടുത്ത് ദൈവകൃപയിൽ ആശ്രയിച്ച് ശരിയായ ആത്മീയ ജീവിതം തന്നെ നയിക്കണം.

അതുകൊണ്ട് നാം ഓരോരുത്തരും പരിശുദ്ധാത്മ സഹായത്താലും ദൈവത്തിന്റെ അതിരറ്റ കൃപയാലും അവരവരെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ബോധപൂർവ്വം ഏറ്റെടുക്കണം. അതിനായി നമ്മെ ദൈവം സഹായിക്കട്ടെ. ●

കഴുത്തു കുടുക്കാനുള്ള മോഹവുമായി വന്നവരാകാം ഇവർ. ആ ലക്ഷ്യം സാധിക്കാൻ ദൈവവചനത്തെ മാനുഷിക വ്യാഖ്യാനങ്ങൾക്കു വിധേയപ്പെടുത്തി മലിനപ്പെടുത്താൻ അവർക്കു പ്രയാസമില്ല... കാരണം, അവരുടെ ഹൃദയവാഞ്ഛ ഈ ജനം തേജസ്സിലേക്കു നയിക്കപ്പെടുന്നതിലല്ല (2 കൊരിന്ത്യർ 3:18); പ്രത്യുത, ന്യായപ്രമാണത്തിന്റെ അക്ഷരക്കല്ലിൽ തട്ടി, മറിഞ്ഞുവീണ് അവർ മൃത്യുവിനെ പൂകുന്നതാണ് (2 കൊരിന്ത്യർ3:7). അതുകൊണ്ടു പൗലൊസ് പറയുന്നു, ഞങ്ങൾ അക്ഷരത്തിന്റെ ശുശ്രൂഷകരല്ല, ആത്മാവിന്റെ ശുശ്രൂഷകരാണ് (2 കൊരിന്ത്യർ3: 6).

ഒരുപക്ഷേ, ഇവർക്കു ശ്ലാഘ്യപത്രം നല്കിയതു യെരൂശലേമിലെ അപ്പൊസ്തലന്മാരിലാരെങ്കിലും തന്നെ ആയിരിക്കാം. പലപ്പോഴും നല്ലവരായ ആളുകൾക്കും ഇതുപോലെയുള്ള അബദ്ധങ്ങൾ സംഭവിക്കാറുണ്ട്. അവർ വളരെ 'സോഫ്റ്റ്' ആയതുകൊണ്ട് ഈ പുത്തൻ ഉപദേഷ്ടാക്കാന്മാരാരെങ്കിലും ചെന്ന് ഒരു ശുപാർശകത്ത് (recommendation letter) ചോദിച്ചപ്പോൾ 'നോ' പറയാൻ അവർക്കു കഴിയാതെ പോകുന്നതാവാം കാരണം!

മറ്റുള്ളവരുടെ ശുപാർശക്കത്തിനു പകരം സ്വയം ശുപാർശക്കത്തുണ്ടാക്കി വരുന്നവരുമുണ്ട്. പലരുടെയും വിസിറ്റിംഗ് കാർഡ് കണ്ടാൽ ഇവർ സ്വർഗ്ഗത്തിൽനിന്നു നേരിട്ട് ഇറങ്ങിവന്നവരാണോ എന്നു സംശയം തോന്നാം. അവരുടെ ശുശ്രൂഷയുടെയും അഭിഷേകത്തിന്റെയും വിവരണം ആരെയും അമ്പരപ്പിക്കുന്നതാകും! മറ്റു ചിലരുടെ 'ശുപാർശ'യാകട്ടെ അവർക്കു അവിടുന്നും ഇവിടുന്നും കിട്ടിയ ഓണററി ഡിഗ്രികളുടെ ബഹുലതയാണ്. അതെല്ലാംകൂടെ പ്രിന്റു ചെയ്യണമെങ്കിൽ അവർക്കു 'ജംബോ വിസിറ്റിംഗ് കാർഡ്' തന്നെ വേണം. എന്നാൽ, പൗലൊസ് പറയുന്നു: ഞങ്ങളുടെ ശുശ്രൂഷയുടെ മഹനീയത ഞങ്ങൾ വിവരിച്ചത് ഞങ്ങൾക്കു തന്നെ ഒരു ശ്ലാഘ്യപത്രം (ശുപാർശക്കത്ത്) ഉണ്ടാക്കാനല്ല. നിങ്ങളുടെ അടുക്കൽ വരാനും നിങ്ങളെ പഠിപ്പിക്കാനും ഞങ്ങൾക്കു മറ്റാരുടെയെങ്കിലുമോ, ഞങ്ങളുടെ തന്നെയോ ഒരു ശുപാർശ ആവശ്യമില്ലല്ലോ (2 കൊരിന്ത്യർ3:1).

എന്താണ് ഞങ്ങളുടെ ശ്ലാഘ്യപത്രം? പൗലൊസ് ചോദിക്കുന്നു. അതു മഷികൊണ്ടെഴുതിയതല്ല (2 കൊരിന്ത്യർ3:3). "ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ!" (2 കൊരിന്ത്യർ3:2). ഈ വാക്യം ഒറ്റനോട്ടത്തിൽ അല്പം ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. സ്വാഭാവികമായി നോക്കിയാൽ ഇത് ഇങ്ങനെയാവണം... 'ഞങ്ങളുടെ ശ്ലാഘ്യപത്രം യരൂശലേമിലെ സഭയിലെ ഒരു മൂപ്പൻ മഷികൊണ്ടു കടലാസ്സിൽ എഴുതിത്തന്നതല്ല. ഞങ്ങളെ ദൈവം നിങ്ങളുടെ അടുത്തേക്കു അയച്ചുവെന്നതിനാൽ ഞങ്ങളെത്തന്നെ നിങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നു' എന്നു പറഞ്ഞാൽ കുറെക്കൂടെ സ്വാഭാവികതയുണ്ട്. അതായത് കൊരിന്ത്യരുടെ മനസ്സിൽ പൗലൊസ് എഴുതപ്പെട്ടിരിക്കുന്നുവെന്ന്... എന്നാൽ, പൗലൊസ് നേരെ തിരിച്ചാണു പറയുന്നത്. 'കൊരിന്ത്യരേ, ഞങ്ങളുടെ ഹൃദയത്തിൽ ദൈവം നിങ്ങളെ എഴുതിയിരിക്കുന്നു. അതാണു ഞങ്ങളുടെ ശുപാർശക്കത്ത്!'

**കൊരിന്തിലെ ജനങ്ങളെ, നിങ്ങളുടെ അടുക്കലേക്കു ഞങ്ങൾ വന്നിരിക്കുന്നത് മരവിച്ച കടലാസ്സിൽ മാഞ്ഞുപോകുന്ന മഷികൊണ്ടെഴുതിയ ഒരു ശുപാർശക്കത്തുമായല്ല; അന്ത്യോഖ്യാസഭയുടെ അപ്പൊയ്ന്റ്മെന്റ് ലെറ്റർകൊണ്ടുമല്ല... പരിശുദ്ധാത്മാവിന്റെ നിയോഗവുമായാണ്.**

കൊരിന്തിലെ ജനങ്ങളെ, നിങ്ങളുടെ അടുക്കലേക്കു ഞങ്ങൾ വന്നിരിക്കുന്നത് മരവിച്ച കടലാസ്സിൽ മാഞ്ഞുപോകുന്ന മഷികൊണ്ടെഴുതിയ ഒരു ശുപാർശക്കത്തുമായല്ല; അന്ത്യോക്യാസഭയുടെ അപ്പൊയ്ന്റ്മെന്റ് ലെറ്റർകൊണ്ടുമല്ല... പരിശുദ്ധാത്മാവിന്റെ നിയോഗവുമായാണ്. നിങ്ങളെ ആത്മാവ് ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതി. എഴുതി എന്നതിനു ഇവിടെ കൊത്തിവച്ചിരിക്കുന്നു-engraved എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. എല്ലാവർക്കും വായിക്കാൻ കഴിയും വിധത്തിൽ- ആർക്കും മായിച്ചുകളയാൻ ആവാത്ത നിലയിൽ നിങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽ കൊത്തിവയ്ക്കപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ മാറു

പിളർന്നു നോക്കൂ... അവിടെ നിങ്ങൾക്കു നിങ്ങളെതന്നെ കാണാം. നിങ്ങളെക്കുറിച്ചുള്ള ചിന്തകൾ ഞങ്ങളുടെ ഹൃദയത്തിൽ ആർദ്രതയുടെ തീ കോരിയിട്ടിരിക്കുന്നു. ഞങ്ങളുടെ ഹൃദയനുറുക്കം– അതാണു ഞങ്ങളുടെ ശുപാർശക്കത്ത്...

ദൈവം ഞങ്ങളെ അയച്ചുവെന്നതിനു ഞങ്ങളുടെ ഹൃദയം മാത്രമല്ല, നിങ്ങളുടെ ജീവിതവും സാക്ഷിയാണ്. ഹൃദയത്തിനു തീ പിടിച്ചവരായി ഞങ്ങൾ നിങ്ങളുടെ അടുത്തെത്തിയതു വ്യർത്ഥമായിട്ടല്ല. നിങ്ങളുടെ അടുത്തെത്തും മുമ്പേ ക്രിസ്തുവിന്റെ പത്രമായി നിങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽ മറഞ്ഞിരുന്നു. എന്നാൽ, നിങ്ങളുടെ അടുക്കൽ ഞങ്ങൾ എത്തിയപ്പോൾ ഞങ്ങളുടെ ശുശ്രൂഷയിൽ ക്രിസ്തുവിന്റെ പത്രമായി നിങ്ങൾ വെളിപ്പെട്ടുവല്ലോ... (2 കൊരിന്ത്യർ3:3). അതു ഞങ്ങൾക്കു ഞങ്ങളുടെ നിയോഗത്തെപ്പറ്റി വലിയ ഒരു ഉറപ്പ് (confidence) നല്കി (2 കൊരിന്ത്യർ3:.4). ഞങ്ങൾ ദൈവത്തിന്റെ ശുശ്രൂഷക്കാരാണെന്നും ദൈവം ഞങ്ങളെ അയച്ചിട്ടുണ്ടെന്നും ഞങ്ങളുടെ ശുശ്രൂഷ തന്റെ ചുവടുകളിൽത്തന്നെ ആയിരുന്നുവെന്നും ഞങ്ങൾക്കു ബോധ്യമുണ്ട്.

അഹങ്കാരത്തിൽ നിന്നല്ല, ദൈവാവബോധത്തിൽ നിന്നാണു ഞങ്ങളിതു പറയുന്നത്. കാരണം, ഞങ്ങൾക്കറിയാം ഈ ആർദ്രതയും ഈ ശുശ്രൂഷയും ഒന്നും സ്വാഭാവികമായി ഞങ്ങളിൽ ഉണ്ടാകുന്നതല്ല. ഇത്ര വലിയ സ്നേഹവും ഈ വെളിപ്പാടും ഒന്നും ജന്മനാ ഞങ്ങൾക്കു ലഭിച്ചതല്ല. ഇതൊക്കെ പഠനംകൊണ്ടും പരിശീലനം കൊണ്ടും ഞങ്ങൾ നേടിയെടുത്തതുമല്ല.'ഞങ്ങളിൽനിന്നു വരുമ്പോലെ സ്വയമായി വല്ലതും സങ്കല്പ്പിപ്പാൻ ഞങ്ങൾ പ്രാപ്തർ എന്നല്ല; ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ' (2 കൊരിന്ത്യർ3:5).

ഇവിടെയാണ് പൗലൊസിന്റെ പ്രശംസയുടെ പൊരുൾ. ഞങ്ങൾക്ക് എപ്പോഴും ജയമാണ്; കാരണം, ഞങ്ങൾ ജയാളിയായ യേശുവിനോടു കൂടെയാണ്. ദൈവം നിങ്ങളെ ഞങ്ങളുടെ ഹൃദയത്തിൽ എഴുതിയപ്പോൾ ഞങ്ങൾ നുറുക്കപ്പെട്ട ഹൃദയത്തോടെ നിങ്ങളുടെ അടുക്കൽ ശുശ്രൂഷയ്ക്കാ യെത്തി. ഞങ്ങൾ എത്ര പരിശ്രമിച്ചാലും നിങ്ങൾ ക്രിസ്തുവിന്റെ പത്രങ്ങളാകുകയില്ലായിരുന്നു. എന്നാൽ, അവൻ ഞങ്ങളെ പുതുനിയമത്തിന്റെ– ആത്മാവിന്റെ ശുശ്രൂഷകരാ

**ഈ ആർദ്രതയും ഈ ശുശ്രൂഷയും ഒന്നും സ്വാഭാവികമായി ഞങ്ങളിൽ ഉണ്ടാകേണ്ടതല്ല. ഇത്ര വലിയ സ്നേഹവും ഈ വെളിപ്പാടും ഒന്നും ജന്മനാ ഞങ്ങൾക്കു ലഭിച്ചതല്ല. ഇതൊക്കെ പഠനം കൊണ്ടും പരിശീലനം കൊണ്ടും ഞങ്ങൾ നേടിയെടുത്തതുമല്ല.**

കുവാൻ പ്രാപ്തരാക്കി'' (2 കൊരിന്ത്യർ3:6). അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു. ശ്ലാഘ്യപത്രവുമായി നിങ്ങളുടെ അടുത്തെത്തിയവർ അക്ഷരത്തിന്റെ– ന്യായപ്രമാണത്തിന്റെ ശുശ്രൂഷകരാണ്. ന്യായപ്രമാണം അനുസരിക്കാനുള്ള ജീവൻ കൊണ്ടുവന്നതു ആത്മാവാണ്. ആ ആത്മാവിന്റെ ശുശ്രൂഷകരായതുകൊണ്ടാണു ഞങ്ങളുടെ ശുശ്രൂഷയിൽ നിങ്ങൾ ക്രിസ്തുവിന്റെ പത്രങ്ങളായത്! 'ഞങ്ങൾ പ്രാപ്തർ എന്നല്ല; ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ'. ഞങ്ങളുടെ ശുശ്രൂഷയാൽ നിങ്ങൾ ക്രിസ്തുവിന്റെ പത്രങ്ങളായി. ക്രിസ്തു എഴുതി...ഞങ്ങൾ അവന്റെ പേനയായി... നിങ്ങൾ അവന്റെ ലേഖനവുമായി. എന്നാൽ, ഞങ്ങളാകുന്ന പേനയിൽ ഒഴുകിയത് ഉണങ്ങിപ്പോകുന്ന മഷിയല്ല; ജീവനുള്ള ദൈവത്തിന്റെ ആത്മാവ് തന്നെയാണ്.

താഴ്മ എന്നതു നമ്മെത്തന്നെ ഉപയോഗശൂന്യരായി ചിന്തിച്ച് നിരാശപ്പെടുന്നതല്ല. നമ്മുടെ അപ്രാപ്തിയിൽ (insuffiency) ദൈവത്തിന്റെ പ്രാപ്തി (sufficiency) നിറയ്ക്കുന്നതാണ്. നാം എന്തു ചെയ്തുവെന്നതല്ല, നമ്മിൽ ദൈവം എന്തു ചെയ്തു, ചെയ്യുന്നു, എന്നു തിരിച്ചറിയുന്നതാണ് താഴ്മ. നമ്മിലെ ദൈവപ്രവൃത്തി ഉറക്കപ്പറയുന്നതിനെ അഹങ്കാരമെന്നല്ല, 'സാക്ഷ്യം' എന്നാണു പറയേണ്ടത്!

പ്രാപ്തി ദൈവത്തിന്റെ ദാനം എന്നു നാമും തിരിച്ചറിയണം. ആക്കിയിരിക്കുന്ന സ്ഥലത്തെ ജനങ്ങളെ ഹൃദയങ്ങളിൽ കൊത്തിവച്ചിരിക്കുന്നതു ഒരു വേദനയായി ഏവരും പിൻതുടരട്ടെ...അതാണു നമ്മുടെ യഥാർത്ഥ ശ്ലാഘ്യപത്രം. ഈ ബോധ്യം നമ്മെ ഓരോരുത്തരെയും ശുശ്രൂഷകളിൽ പ്രോത്സാഹിപ്പിക്കട്ടെ. •

# തിരിച്ചറിയാത്ത മഹാവിപത്ത്

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പൊതുജന താൽപര്യാർത്ഥം ശബ്ദമലിനീകരണത്തെക്കുറിച്ച് പുറത്തുവിട്ട റിപ്പോർട്ട് ചിലരെങ്കിലും വായിച്ചിട്ടുണ്ടാവും. ശബ്ദമലിനീകരണത്തിന്റെ ഭയാനകമായ വിപത്തുകളെക്കുറിച്ചാണ് അത്. കണ്ണുകൾക്ക് സംരക്ഷണം നൽകുവാൻ കൺപോളകൾ ഉള്ളതുകൊണ്ട് പൊടിപടലങ്ങൾ കണ്ണിൽ പ്രവേശിക്കാതെ നയനങ്ങളെ സംരക്ഷിക്കുന്നു. കാതുകൾക്ക് പോളകളോ അടപ്പുകളോ ഇല്ലാത്തതിനാൽ ശബ്ദം യാതൊരു തടസ്സമില്ലാതെ കാതുകളിൽ തുളച്ചുകയറുന്നു. ഉച്ചത്തിലുള്ള ശബ്ദം നിമിത്തം ഉണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ചികിത്സിച്ചാൽ പോലും മാറ്റാൻ സാധിക്കാത്ത കേൾവിക്കുറവും അപ്രതീക്ഷിത ബധിരതയും ഉണ്ടായേക്കാം. എണ്ണത്തിൽ പരിമിതമായ ചെവിക്കകത്തെ കോക്ലിയയിലെ ഹെയർ സെൽസ് അമിതമായ ശബ്ദം നിമിത്തം നശിച്ചുപോകാറുണ്ട്. രക്തസമ്മർദ്ദം കൂടുന്നു. അമിതശബ്ദം ചെവിക്കകത്തേക്ക് തുളച്ചുകയറുന്നതിനാൽ കുട്ടികൾക്ക് പഠിക്കുവാനുള്ള കഴിവും കുറയുന്നു. ശരീരത്തിലെ രക്തക്കുഴലുകൾക്ക് കേടുവരുന്നു എന്നുമാത്രമല്ല ചെവിക്കുള്ളിൽ വേദനയും മൂളലും തലകറക്കവും ഉണ്ടാകുന്നു. ഗർഭിണികൾ ആണെങ്കിൽ ഗർഭസ്ഥ ശിശുവിന്റെ വളർച്ചയെയും ഇത് പ്രതികൂലമായി ബാധിക്കും. എല്ലാറ്റിനും ഉപരിയായി മാനസിക പിരിമുറുക്കവും ഏകാഗ്രത ഇല്ലായ്മയും അനുഭവമാകും.

ശബ്ദമലിനീകരണം ഇത്രമാത്രം അപകടകരമെങ്കിൽ അതിന്റെ നിയന്ത്രണം നമ്മുടെ വീടുകളിൽ നിന്നുതന്നെ ആരംഭിക്കേണ്ടതാണ്. അമിതശബ്ദം ഉണ്ടാക്കുന്ന വീട്ടുപകരണങ്ങളുടെ ഉപയോഗം പരമാവധി കുറച്ചു കൊണ്ട് തുടക്കം വീട്ടിൽത്തന്നെ ആരംഭിക്കാം. വാഹനയാത്ര ഒഴിവാക്കാൻ പറ്റാത്തതാകയാൽ തിരക്കുള്ള വീഥികളിലൂടെ യാത്ര ചെയ്യുമ്പോൾ നിർബന്ധിത സാഹചര്യങ്ങളിൽ മാത്രം ഹോൺ മുഴക്കുക. ഉച്ചഭാഷിണികൾ ആവശ്യമാണെങ്കിൽ മാത്രം ഉപയോഗിക്കുക. പ്രത്യേകിച്ച് കേൾവിക്കാർക്ക് പറയുന്ന കാര്യങ്ങൾ കേൾക്കുവാൻ പറ്റുന്ന സാഹചര്യം ആണുള്ളതെങ്കിൽ ഉച്ചഭാഷിണികൾ ഒഴിവാക്കുക. പാട്ടിനും പ്രസംഗത്തിനും കൊഴുപ്പുകൂട്ടുവാൻ കൺവെൻഷൻ ഗ്രൗണ്ടുകളിലും കെട്ടിടങ്ങൾക്കുള്ളിലും കേൾവിക്കാർക്ക് ബുദ്ധിമുട്ടും അരോചകവും ഉണ്ടാക്കുന്ന നിലയിൽ ഉച്ചഭാഷിണികൾ പ്രവർത്തിക്കാതിരിക്കുക. മൈക്കിലൂടെ അലറുന്ന പ്രഭാഷകർ ശ്രോതാക്കൾ അത് ഗ്രഹിക്കുന്നില്ലെന്നും, പല മാനസിക ശാരീരിക ബുദ്ധിമുട്ടിലേക്കാണ് ക്രമേണ അവരെ നയിക്കുന്നത് എന്നും തിരിച്ചറിഞ്ഞ് വളരെ ശാന്തമായി ആവശ്യത്തിനുമാത്രം ശബ്ദം ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക.

ഉയർന്ന ശബ്ദം ഉളവാക്കുന്ന സാഹചര്യത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ചെവിക്ക് സംരക്ഷണം കിട്ടുന്ന ഉപകരണങ്ങൾ ഉപയോഗിച്ചിരിക്കണം. ആഘോഷങ്ങൾക്ക് തിളക്കമേകുവാൻ വേണ്ടി സംഘാടകർ ക്രമീകരിച്ചിരിക്കുന്ന വാദ്യമേളങ്ങളും വെടിക്കെട്ടുകളും ആസ്വദിക്കുവാൻ പോകുന്നവർ ചെവിയുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നത് നന്ന്. ഉച്ചത്തിലുള്ളതും ഉയർന്ന തീവ്രതയുള്ളതുമായ ശബ്ദം ഹൃദയമിടിപ്പും രക്തസമ്മർദ്ദവും വർദ്ധിക്കാൻ കാരണമാകും. ഉച്ചത്തിലുള്ള ശബ്ദം സാധാരണ രക്തപ്രവാഹത്തെ തടസ്സപ്പെടുത്തുകയും ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് കാരണമാവുകയും ചെയ്യും. പ്രത്യേകിച്ച് വിദ്യാർഥികളുടെ ടൂറിസ്റ്റ് വാഹനങ്ങളിൽ മുഴങ്ങുന്ന കാത് തകർക്കുന്ന ശബ്ദം, ഗുരുതരമായ ഭവിഷ്യത്തുകൾക്കു കാരണമാകും. അനാവശ്യമായി ഹോൺ മുഴക്കുന്നത് എന്തുവിലകൊടുത്തും ഒഴിവാക്കണം. ജനങ്ങൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കുവാൻ ശബ്ദപ്രതിരോധ സംവിധാനങ്ങൾ സ്ഥാപിക്കണം. പൊതുസ്ഥലങ്ങളിലെ ഉച്ചഭാഷണികൾ ഉപയോഗിക്കുമ്പോൾ സുരക്ഷിതമായ ശബ്ദത്തിൽ പ്ലേ ചെയ്യുന്നത് ഉചിതമാകുന്നു. ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് മരങ്ങൾ നട്ടുപിടിപ്പിക്കുന്നതും ഇടതൂർന്ന മരങ്ങൾ സംരക്ഷിക്കുന്നതും വളരെ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. •

# രക്ഷകന്റെ മഹത്വം മറക്കുന്നുവോ?

ക്രിസ്മസ്നാളുകൾ എപ്പോഴും ക്രിസ്തുവിന്റെ ജഡാവതാര ചിന്തകളുടെ കാലം കൂടിയാണ്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ അവഗണിച്ചുകൊണ്ടും രക്ഷാദൗത്യത്തെ നിരാകരിച്ചും ക്രിസ്തുവിനെ യഹൂദ മതവിമോചകനായും സാമൂഹ്യ പരിഷ്കർത്താവുമായി മാത്രം ചിത്രീകരിക്കുന്ന പ്രവണത ലോകചരിത്രത്തിൽ എക്കാലത്തും ഉണ്ടായിട്ടുണ്ട്. പാപിയായ ഓരോ മനുഷ്യനെയും ദൈവപുത്രന്മാരാക്കിത്തീർക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി സ്വയം രൂപമെടുക്കുകയാണ് ഉണ്ടായത്. അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സകലത്തിന്റെയും സ്രഷ്ടാവും സർവ്വസൃഷ്ടിക്കും മുമ്പുള്ളവനുമായ അവിടുന്ന് ദൈവമഹിമ പരിത്യജിച്ച് ജഡരൂപം സ്വീകരിച്ചു.

പലർക്കും ക്രിസ്തു പലതാണ്. ചിലർക്ക് അവിടുന്ന് സൗഖ്യമാക്കുന്ന യേശുവാണ്. മറ്റു ചിലർക്ക് അവിടുന്ന് ഭൗതിക അനുഗ്രഹങ്ങളുടെ ഉറവിടമാണ്. വേറെ ചിലർക്ക് ദൈവശാസ്ത്രവിദ്യാഭ്യാസത്തിന്റെ സിലബസ് മാത്രമാണ് ക്രിസ്തു. എന്താണ് വാസ്തവത്തിൽ ദൈവപുത്രന്റെ ജഡാവതാരത്തിന്റെ പ്രധാനപ്പെട്ട ദൗത്യം? സർവ്വമനുഷ്യരും ഒരുപോലെ പാപം ചെയ്ത് ദൈവീക കൂട്ടായ്മ നഷ്ടപ്പെടുത്തിയപ്പോൾ അവരെ വീണ്ടെടുത്ത് ദൈവത്തോട് നിരപ്പിക്കാനുള്ള ഏക വഴിയായിരുന്നു ക്രിസ്തുവിലൂടെ വെളിപ്പെട്ടത്. അതുകൊണ്ടാണ് കർത്താവിന്റെ ദൂതൻ യോസേഫിനോട് ഇങ്ങനെ പറഞ്ഞത്: ‘അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുവാൻ ഇരിക്കകൊണ്ട് നീ അവന് യേശു എന്ന് പേരിടണം’ യെശയ്യാപ്രവാചകവാക്യവും അനുസ്മരിച്ചുകൊണ്ട് അവന് ‘ഇമ്മാനുവേൽ’ എന്ന് പേരുവിളിക്കും എന്നും ദൈവദൂതൻ കൂട്ടിച്ചേർത്തു (മത്തായി 1 :20 - 22).

അതെ, മനുഷ്യരിൽ ഒരുവനായി മാനവജാതിയുടെ രക്ഷകനായിത്തീർന്നതാണ് ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ നിസ്തുലത! അതാണ് ജഡാവതാരത്തിന്റെ മഹിമ. മഹത്വത്തിന്റെ പ്രത്യാശയായി വീണ്ടുംജനിച്ച ഓരോ വ്യക്തിയിലും രക്ഷകൻ ഇന്നും ജീവിക്കുന്നു. ഈ മഹാരക്ഷാദൗത്യത്തെയും മഹാരക്ഷകനെയും അവഗണിച്ച് രക്ഷിതഗണം മറ്റു പലതിനും മുഖ്യസ്ഥാനം കൊടുക്കുമ്പോൾ മാനവസമൂഹം എങ്ങനെ രക്ഷകനെ കണ്ടെത്തും? യേശുക്രിസ്തുവിന്റെ നിസ്തുലമായ ജീവിതവും മഹാരക്ഷയും ആയിരിക്കട്ടെ സഭയുടെ എപ്പോഴത്തെയും ഹൈലൈറ്റ്.

-എംസി


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.12.2025

NERVEEDHI DECEMBER 2025
Annual Subscription ` 250.00
(Per copy ` 25.00)

Postal Registration No.
KL/KTM/150/2023-2025


## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ













ഇപ്പോൾ ലഭ്യമാണ്

വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ, "മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രായർ11:4). അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
Scan and Pay using any UPI App

:8589819293, 9495435336


Address for Communication :
NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.